സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 08 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

തൃശൂരിൽ സിപിഎമ്മിന് 101 സ്ഥാവര ജംഗമ സ്വത്തുക്കൾ; കണക്കിൽ ഒരു കെട്ടിടം മാത്രമെന്ന് ഇഡി

തൃശൂർ: തൃശൂരിലെ സിപിഎമ്മിന്റെ സ്വത്തുവിവരങ്ങൾ മറച്ചുവച്ചെന്ന ആരോപണവുമായി ഇ ഡി. തൃശൂരിൽ പാർട്ടിക്ക് 101 സ്ഥാവര, ജംഗമ സ്വത്തുക്കളുണ്ട്. എന്നാൽ ആദായ നികുതി വകുപ്പിന് നൽകിയ കണക്കിൽ ഒരു കെട്ടിടം മാത്രമാണ് കാണിച്ചിട്ടുള്ളതന്നും ഇഡി ആരോപിക്കുന്നു.

101 സ്വത്തുക്കളിൽ ആറെണ്ണം വിൽപന നടത്തി. കരുവന്നൂർ കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെയാണ് സ്വത്തുവിവരങ്ങൾ കണ്ടെത്തിയത്. പാർട്ടി നടത്തിയ സാമ്പത്തിക ഇടപാടുകൾ ദുരൂഹമാണെന്നും ഇഡി തെരഞ്ഞെടുപ്പ് കമ്മിഷനെ അറിയിച്ചിട്ടുണ്ട്.

സ്വത്തുക്കൾ സംബന്ധിച്ച് സിപിഎം ജില്ലാ സെക്രട്ടറി എംഎം വർഗീസിൽ നിന്ന് വിശദാംശങ്ങൾ തേടിയിട്ടുണ്ട്. പാർട്ടി കെട്ടിടങ്ങളും വസ്തുക്കളും മറ്റും വാങ്ങിയത് ജില്ലാ സെക്രട്ടറിയുടെയും മറ്റും പേരിലാണ്. ഇതിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല. ഇതിനു പിന്നിൽ വൻ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്നും ഇഡി ആരോപിക്കുന്നു.

അതേസമയം, കരുവന്നൂർ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സിപിഎം ജില്ലാ സെക്രട്ടറി എംഎം വർഗീസ്, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പികെ ബിജു, തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ പികെ ഷാജൻ എന്നിവരെ ഇഡി ഇന്ന് വീണ്ടും ചോദ്യം ചെയ്യും. കരുവന്നൂർ ബാങ്കിലെ സിപിഎമ്മിന്റെ രഹസ്യ അക്കൗണ്ടിനെക്കുറിച്ചും ബാങ്കിൽ നിന്ന് ബിനാമി വായ്പകൾ അനുവദിച്ചതിലുമാണ് ചോദ്യം ചെയ്യൽ.എന്നാൽ രഹസ്യ അക്കൗണ്ടിനെക്കുറിച്ച് ഒന്നും അറിയില്ലെന്ന മറുപടിയാണ് നേതാക്കൾ നൽകിയിട്ടുള്ളത്. എന്നാൽ ബാങ്ക് അക്കൗണ്ട് ലോക്കൽ കമ്മിറ്റിയുടെ പേരിലാണെന്നും ഇത് സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടുണ്ടെന്നും ഇഡി വ്യക്തമാക്കുന്നു. സിപിഎം തൃശൂർ ജില്ലാ കമ്മിറ്റിയുടെ അക്കൗണ്ട് ആദായനികുതി വകുപ്പ് മരവിപ്പിച്ചിരുന്നു. ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ടാണ് മരവിപ്പിച്ചത്.

കേന്ദ്ര സോഫ്റ്റ് വെയറാണ്, കേരളത്തിന് ഒന്നും ചെയ്യാനാകില്ലെന്ന് മന്ത്രി ഗണേഷ് കുമാർ

തിരുവനന്തപുരം: പുക പരിശോധനയിൽ കൂടുതൽ വാഹനങ്ങൾ പരാജയപ്പെടുന്നതിൽ സംസ്ഥാന സർക്കാറിന് ഒന്നും ചെയ്യാനാകില്ലെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ്കുമാർ. കേന്ദ്ര സർക്കാറിന്റെ സോഫ്റ്റ്വെയറായതിനാൽ സംസ്ഥാന സർക്കാറിന് ഒന്നും ചെയ്യാനാകില്ല. പുക പരിശോധനയിൽ വാഹനങ്ങൾ പരാജയപ്പെടുന്നുവെന്ന് നിരവധി പരാതികളാണ് വകുപ്പിൽ ലഭിച്ചത്. ഉദ്യോ?ഗസ്ഥരോട് പരിശോധിക്കാൻ നിർദേശം നൽകിയെങ്കിലും മിക്ക പരാതികളിലും കഴമ്പില്ലെന്നാണ് കണ്ടെത്തിയതെന്നും മന്ത്രി പറഞ്ഞു. നേരത്തെ പലയിടത്തും പുക പരിശോധന സംവിധാനം കൃത്യമായിരുന്നില്ല.

പരിശോധന കൃത്യമാണെങ്കിൽ മാത്രമേ ഫലം അനുകൂലമാകുവെന്നും ഉദ്യോഗസ്ഥർ കണ്ടെത്തിയെന്നും മന്ത്രി പറഞ്ഞു. പുക പരിശോധനയിൽ പരാജയപ്പെടുന്ന വാഹനങ്ങളുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വീണ്ടും ടെസ്റ്റ് നടത്താനാണ് ഉദ്യോ?ഗസ്ഥർ ആവശ്യപ്പെടുന്നത്. നേരത്തെ നിരവധി പരാതികളാണ് മോട്ടോർ വാഹന വകുപ്പിൽ എത്തിയത്. ഒന്നിലേറെ തവണ പരിശോധന നടത്തിയിട്ടും പുക പരിശോധന പരാജയപ്പെടുന്നുവെന്ന് നിരവധി പേർ അഭിപ്രായപ്പെട്ടു.

പുകപരിശോധനയ്ക്ക് എത്തുന്ന വാഹനങ്ങളെല്ലാം വിജയിക്കുന്ന രീതി ഇനിയുണ്ടാവില്ലെന്നാണ് കേന്ദ്രം പറയുന്നത്. കേന്ദ്രചട്ടപ്രകാരം സംസ്ഥാനത്തെ പെട്രോൾ വാഹനങ്ങളുടെ പുകപരിശോധന പരിഷ്കരിച്ച മാർച്ച് 17 മുതൽ 31 വരെ 91.15 ശതമാനം വാഹനങ്ങളാണ് വിജയിച്ചതെന്നും 8.85 ശതമാനം പരാജയപ്പെട്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. 16 ശതമാനമായിരുന്നു മുമ്പ് പരാജയപ്പെട്ടിരുന്നത്. പഴയ സംവിധാനത്തിൽ ആദ്യ രണ്ടാഴ്ച അഞ്ചുലക്ഷം വാഹനങ്ങൾ പരിശോധിച്ചപ്പോൾ 8128 എണ്ണമാണ് പരാജയപ്പെട്ടത്. എന്നാൽ മാർച്ച് 17-നുശേഷം പുതിയ രീതിയിൽ 4,11,862 വാഹനങ്ങൾ പരിശോധിച്ചപ്പോൾ പരാജയനിരക്ക് 35,574 ആയി എന്നും റിപ്പോർട്ടുകൾ പറയുന്നു.

അന്തരീക്ഷ മലിനീകരണത്തോത് കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ബിഎസ്. 4 പെട്രോൾ ഇരുചക്ര-നാലുചക്ര വാഹനങ്ങളിൽ ബഹിർഗമന വാതകങ്ങളുടെ അളവ് വിശകലനം (കാർബൺ മോണോക്സൈഡ് കറക്ഷൻ) ചെയ്യുന്നത്. ഇന്ധനജലനത്തിൽ പോരായ്മയുണ്ടെങ്കിൽ വാഹനങ്ങൾ പുക പരിശോധനയിൽ പരാജയപ്പെടും. എയർഫിൽട്ടർ, സ്പാർക്ക് പ്ലഗ്, എന്നിവ കൃത്യമായ ഇടവേളകളിൽ മാറാതിരിക്കുമ്പോഴും, കാർബറേറ്ററിൽ അടവുണ്ടാകുമ്പോഴും മലിനീകരണത്തോത് കൂടും. ഇന്ധനക്ഷമത കുറയുന്നതുവഴി വാഹന ഉടമയ്ക്ക് സാമ്പത്തിക നഷ്ടവും ഉണ്ടാകും. പരാജയപ്പെടുന്ന വാഹനങ്ങളുടെ സാങ്കേതികപ്പിഴവ് പരിഹരിച്ച് വീണ്ടുമെത്തിച്ചാൽ പുകപരിശോധനാ സർട്ടിഫിക്കറ്റ് ലഭിക്കും. പുക പരിശോധന പാസായില്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷ നഷ്ടമാകും. സർട്ടിഫിക്കറ്റില്ലാതെ പിടിക്കപ്പെട്ടാൽ 1500 രൂപ പിഴ അടക്കേണ്ടിവരും.

ഡൽഹി മദ്യനയക്കേസ്: കെ. കവിതയുടെ ഇടക്കാല ജാമ്യാപേക്ഷ തള്ളി ഡൽഹി കോടതി

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി.) കസ്റ്റഡിയിലുള്ള ബി.ആർ.എസ്. നേതാവും കെ. ചന്ദ്രശേഖർ റാവുവിന്റെ മകളുമായ കെ. കവിത സമർപ്പിച്ച ഇടക്കാല ജാമ്യാപേക്ഷ ഡൽഹി കോടതി തള്ളി. ഡൽഹി റൗസ് അവന്യൂ കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്.

പതിനാറുകാരനായ മകന് പരീക്ഷാക്കാലമാണെന്നും അമ്മയെന്ന നിലയിൽ തന്റെ സാമീപ്യം മകൻറെ മാനസികപിന്തുണയ്ക്ക് ആവശ്യമാണെന്നും ചൂണ്ടിക്കാട്ടിയാണ് കവിത ഇടക്കാല ജാമ്യത്തിന് അപേക്ഷ നൽകിയത്.

എന്നാൽ, ഇ.ഡി. കവിതയുടെ ജാമ്യാപേക്ഷയെ ശക്തമായി എതിർത്തു. ജാമ്യം അനുവദിച്ചാൽ കവിത തന്റെ സ്വാധീനശേഷി ഉപയോഗിച്ച് തെളിവുകൾ നശിപ്പിക്കാനിടയുണ്ടെന്ന് ഇ.ഡി. കോടതിയിൽ വാദിച്ചു. കേസുമായി ബന്ധപ്പെട്ട ചില തെളിവുകൾ കവിത ഇതിനോടകം നശിപ്പിച്ചതായും മദ്യനയവുമായി ബന്ധപ്പെട്ടുള്ള അഴിമതിയുടെ പ്രധാന സൂത്രധാരകരിൽ ഒരാളാണ് കവിതയെന്നും ഇ.ഡി. ആരോപിച്ചു.മാർച്ച് 15-നാണ് ഇ.ഡി. കവിതയെ അറസ്റ്റ് ചെയ്തത്. കവിതയുടെ ഹൈദരാബാദിലെ വസതിയിൽ ഇ.ഡി. പരിശോധന നടത്തിയിരുന്നു. അതിനുപിന്നാലെയാണ് കവിതയെ കസ്റ്റഡിയിലെടുത്തത്. അടുത്ത ദിവസംതന്നെ കവിതയെ ഏഴ് ദിവസത്തേക്ക് ഇ.ഡി. കസ്റ്റഡിയിൽ വിട്ടു. പിന്നീട് കസ്റ്റഡി മൂന്ന് ദിവസം കൂടി നീട്ടി. കഴിഞ്ഞ ചൊവ്വാഴ്ച കവിതയെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു. അറസ്റ്റിന് മുമ്പ് രണ്ടുതവണ ഹാജരാകാൻ ആവശ്യപ്പെട്ട് കവിതയ്ക്ക് ഇ.ഡി. സമൻസ് നൽകിയിരുന്നു. എന്നാൽ, കവിത ഹാജരായില്ല.

ആരോപണങ്ങളുന്നയിക്കുന്നവരെ ജയിലിലാക്കിയാൽ എത്രപേർ അകത്തുപോകും– സുപ്രീം കോടതി

ന്യൂഡൽഹി: തിരഞ്ഞെടുപ്പിന് മുമ്പ് എത്രപേരെ ജയിലിലടക്കുമെന്ന് സുപ്രീംകോടതി. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്ന കേസിൽ യൂട്യൂബറുടെ ജാമ്യം റദ്ദാക്കിയ മദ്രാസ് ഹൈക്കോടതി ഉത്തരവിനെതിരായ ഹർജി പരി?ഗണിക്കുകയായിരുന്നു കോടതി. സോഷ്യൽ മീഡിയയിൽ ആരോപണങ്ങൾ ഉന്നയിക്കുന്ന എല്ലാവരെയും ജയിലിലടയ്ക്കാനാകില്ലെന്ന് കോടതി പറഞ്ഞു.

ജസ്റ്റിസുമാരായ അഭയ് എസ്. ഓക, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരി?ഗണിച്ചത്. തിരഞ്ഞെടുപ്പിന് മുമ്പ്, യുട്യൂബിൽ ആരോപണങ്ങൾ ഉന്നയിക്കുന്ന എല്ലാവരെയും ജയിലിലടയ്ക്കാൻ തുടങ്ങിയാൽ എത്രപേരെ ജയിലിലടയ്ക്കുമെന്ന് ജസ്റ്റിസ് ഓക തമിഴ്നാടിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ മുകുൾ റോത്തഗിയോട് ആരാഞ്ഞു.

എ. ദുരൈമുരുഗൻ സ്റ്റാലിനെതിരായാണ് കേസെടുത്തിരുന്നത്. ജാമ്യം ലഭിച്ചതിന് ശേഷം കോടതിയിൽ സത്യവാങ്മൂലം നൽകിയതിന് തെറ്റുപറ്റിയതിനാലെ ദുരൈമുരുഗൻ തമിഴ്നാട് മുഖ്യമന്ത്രിക്കെതിരെ വീണ്ടും അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്ന നിരീക്ഷണത്തെ തുടർന്നായിരുന്നു മദ്രാസ് ഹൈക്കോടതി ജാമ്യം റദ്ദാക്കിയത്.

ജാമ്യത്തിലിരിക്കെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുതെന്ന് സ്റ്റായിയോട് നിബന്ധന വെക്കണമെന്ന അപേക്ഷയും സുപ്രീംകോടതി പരിഗണിച്ചില്ല. ഒരു പ്രസ്താവന അപകീർത്തികരമാണോ അല്ലയോ എന്ന് ആരാണ് നിർണയിക്കുകയെന്ന് ജസ്റ്റിസ് ഓക മുകുൾ റോത്തഗിയോട് ചോദിച്ചു.

വേനൽ ചൂടിൽ ആശ്വാസമായി മഴയെത്തും; ഒമ്പത് ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: വേനൽ ചൂടിൽ ആശ്വാസമായി മഴയെത്തിയേക്കുമെന്ന് മുന്നറിയിപ്പ് സംസ്ഥാനത്ത് അടുത്ത 5 ദിവസങ്ങളിൽ വിവിധ ഇടങ്ങളിൽ നേരിയ മഴയുണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഇന്ന് 9 ജില്ലകളിലാണ് മുന്നറിയിപ്പ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യത.

നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലും 10ാം തിയ്യതി ആലപ്പുഴ, കോട്ടയം എറണാകുളം എന്നീ ജില്ലകളിലും 11ന് ആലപ്പുഴ, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലും 12ന് കേരളത്തിലുടനീളം മഴ ലഭിക്കുമെന്നും കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0.5 മുതൽ 1.0 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

പാനൂർ സ്ഫോടനം
അറസ്റ്റിലായവരിൽ ഡിവൈഎഫ്ഐ ഭാരവാഹികളും; സ്ഥിരീകരിച്ച് നേതൃത്വം

കണ്ണൂർ : പാനൂർ കേസിൽ അറസ്റ്റിലായവരിൽ ഡിവൈഎഫ്ഐ ഭാരവാഹികളുമുണ്ടെന്ന് സ്ഥിരീകരിച്ച് നേതൃത്വം. അമൽ ബാബു, സായൂജ്, അതുൽ എന്നിവർ പ്രദേശിക യൂണിറ്റ് ഭാരവാഹികളാണ്. എന്നാൽ ഇവർ സംഭവം അറിഞ്ഞ് ഓടികൂടിയവരാകാമെന്നും പങ്കുണ്ടെങ്കിൽ നടപടി എടുക്കുമെന്നും ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ് പറഞ്ഞു.

'അവിടെ അങ്ങനെയൊരു സംഭവം നടന്നപ്പോൾ ധാരാളം ആളുകളെത്തി. ആ കൂട്ടത്തിൽ ഡിവൈഎഫ്ഐയുടെ പ്രാദേശിക നേതൃ നിരയിലുള്ളവരുമെത്തി. അവർക്ക് ബോംബ് നിർമ്മാണത്തിൽ പങ്കുണ്ടെങ്കിൽ അംഗീകരിക്കില്ല. തെരഞ്ഞെടുപ്പിനെ മുൻനിർത്തി വ്യാപകമായനിലയിൽ ഡിവൈഎഫ്ആ ബോംബുണ്ടാക്കുന്ന സംഘടനയാണെന്ന് പ്രചരിപ്പിക്കുകയാണെന്നും' വി കെ സനോജ് കുറ്റപ്പെടുത്തി.

പൊലീസ് പിടികൂടിയവർക്ക് സംഘടനയുമായി യാതൊരു ബന്ധവുമില്ലെന്നായിരുന്നു ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ് ഇന്നലെ ഏഷ്യാനെറ്റ് ന്യൂസ് ചർച്ചയിൽ പറഞ്ഞത്. എന്നാൽ അമൽ ബാബു, മിഥുൻ എന്നിവർക്ക് പാർട്ടിയുമായുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ വിവരിച്ചുമുള്ള സിപിഎമ്മിന്റെ പുതിയ നിലപാട്.

പാനൂർ സ്ഫോടനവുമായി പാർട്ടിക്ക് ബന്ധമില്ലെന്നും സംഭവത്തിൽ പാർട്ടിക്കാരാരും ഉൾപ്പെട്ടിട്ടുമില്ലെന്നുമായിരുന്നു ഇന്നലെ വരെ ഈ വിഷയത്തിൽ സിപിഎം എടുത്ത പരസ്യ നിലപാട്. എന്നാൽ പാനൂരിൽ സ്ഫോടനം നടക്കുമ്പോൾ സ്ഥലത്ത് ഉണ്ടായിരുന്ന ഡിവൈഎഫ്ഐ പ്രവർത്തകൻ അമൽ ബാബുവിനെ ഇയാൾ ഒളിവിൽ കഴിഞ്ഞിരുന്ന കേന്ദ്രത്തിലെത്തി പൊലീസ് പിടികൂടിയ തോടെയാണ് പാർട്ടി സെക്രട്ടറി തന്നെ വിചിത്രമായ ന്യായീകരണവുമായി രംഗത്തെത്തിയത്. സ്ഫോടന വിവരം അറിഞ്ഞ ജീവൻ രക്ഷാപ്രവർത്തനത്തിന് എത്തിയ ആളെ പൊലീസ് പിടികൂടിയെന്നാണ് എം വി ഗോവിന്ദന്റെ പ്രതികരണം.

സ്ഫോടനത്തിൽ കൊല്ലപ്പെട്ട ആളുടെ വീട്ടിൽ പാർട്ടി നേതാക്കൾ പോയത് നാട്ടു മര്യാദ അനുസരിച്ച് എന്ന് പറഞ്ഞ മുഖ്യമന്ത്രിയും സ്ഫോടന വിവാദത്തിൽ പ്രതിരോധത്തിൽ ആയ പാർട്ടിക്ക് സംരക്ഷണവുമായി എത്തി.

ഹൈറിച്ച് ഓൺലൈൻ തട്ടിപ്പുകേസുകൾ സിബിഐക്ക്; സർക്കാർ ഉത്തരവിറക്കി

തിരുവനന്തപുരം: ഹൈറിച്ച് ഓൺലൈൻ തട്ടിപ്പുകേസുകളുടെ അന്വേഷണം സിബിഐക്ക് വിട്ടു. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി. ഡിജിപിയുടെ ശുപാർശ പ്രകാരമാണ് നടപടി. ഹൈറിച്ച് തട്ടിപ്പിനെതിരെ ഇഡിയുടെ അന്വേഷണവും പുരോഗമിക്കുകയാണ്.

ഹൈറിച്ച് തട്ടിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനുകളിലായി ഒരുഡസനിലേറെ കേസുകളാണ് നിലവിലുള്ളത്. കേസുമായി ബന്ധപ്പെട്ട പെർഫോർമ റിപ്പോർട്ടുകൾ അടക്കമുള്ള വിശദാംശങ്ങൾ സിബിഐക്ക് കൈമാറിയിട്ടുണ്ട്. ഹൈറിച്ചിനു മുമ്പും മറ്റു പേരുകളിലും ഹൈറിച്ച് ഉടമകൾ സാമ്പത്തിക തട്ടിപ്പുകൾ നടത്തിയിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ഹൈറിച്ച് ഉടമകളായ പ്രതാപൻ, ശ്രീന എന്നിവർ സംസ്ഥാനത്തിന് അകത്തും പുറത്തുമായി 3141 കോടി രൂപ നിക്ഷേപമായി സ്വീകരിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. ഹൈറിച്ച് ഓൺലൈൻ ഷോപ്പിലൂടെ പേരിലുള്ള സ്ഥാവര ജംഗമവസ്തുക്കൾ ബഡ്സ് ആക്ട് പ്രകാരം കണ്ടുകെട്ടാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണെന്നും മുഖ്യമന്ത്രി ജനുവരിയിൽ മറുപടി നൽകിയിരുന്നു.ഒടിടി പ്ളാറ്റ് ഫോം, ക്രിപ്റ്റോ കറൻസി തുടങ്ങിയ ബിസിനസുകളിലും പണം മുടക്കി കോടികളുടെ ലാഭം നേടാമെന്നു വ്യാമോഹിപ്പിച്ചും പ്രതികൾ 1,157 കോടി രൂപയുടെ നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെന്നാണ് അന്വേഷണ സംഘത്തിന്റെ നിഗമനം.

അതിനിടെ ഹൈറിച്ചിനെതിരായ സാമ്പത്തിക തട്ടിപ്പ് കേസുകൾ അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായ ശബ്ദരേഖ പുറത്തു വന്നിരുന്നു. പബ്ലിക് പ്രോസിക്യൂട്ടർക്ക് കോഴ നൽകി കേസുകൾ ഇല്ലാതാക്കാൻ ശ്രമം നടക്കുന്നുവെന്ന് വ്യക്തമാക്കുന്ന ഗ്രൂപ്പ് അംഗത്തിൻറെ ശബ്ദരേഖയാണ് പുറത്തുവന്നത്. അംഗങ്ങളിൽ നിന്ന് പിരിച്ച അഞ്ച് കോടി രൂപ സർക്കാർ അഭിഭാഷകന് കൈമാറിയെന്നും ശബ്ദരേഖയിൽ പറയുന്നു.

ഹിന്ദു വിവാഹ നിയമപ്രകാരം 'കന്യാദാനം' നിർബന്ധമല്ല: അലഹബാദ് ഹൈക്കോടതി

ലഖ്നൗ: ഹിന്ദു വിവാഹ നിയമപ്രകാരം വിവാഹം നടത്തുന്നതിന് കന്യാദാനം ആവശ്യമില്ലെന്നും 'സ്പ്തപദി' മാത്രമാണ് അനിവാര്യമായ ചടങ്ങെന്നും അലഹബാദ് ഹൈക്കോടതി. അഗ്നിക്ക് ചുറ്റും വധൂവരൻമാർ വലവെക്കുന്ന ചടങ്ങാണ് സ്പ്തപദി. വിവാഹത്തിന് 'കന്യാദാനം' ചടങ്ങ് നടത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി അശുതോഷ് യാദവ് എന്നയാൾ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

നിയമപ്രകാരം 'കന്യാദാനം' ചടങ്ങ് നിർബന്ധമാക്കിയിട്ടുണ്ടെന്നും ഇയാൾ ഹർജിയിൽ ചൂണ്ടിക്കാട്ടി. ഈ അവസരത്തിലാണ് 'കന്യാദാനം' നിയമപരമായി ഹിന്ദു വിവാഹ നിയമത്തിൽ നിർബന്ധമല്ലെന്ന് കോടതി വ്യക്തമാക്കിയത്. വിവാഹത്തിന് വധുവിന്റെ പിതാവ് വരന് കൈപിടിച്ചു നൽകുന്ന ചടങ്ങാണ് കന്യാദാനം. ജസ്റ്റിസ് സുഭാഷ് വിദ്യാർത്ഥിയുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

ഈ കേസിന്റെ തീരുമാനത്തിന് ചടങ്ങ് നടത്തിയോ എന്നത് അത്യന്താപേക്ഷിതമല്ലെന്നും സാക്ഷിയെ വിളിപ്പിക്കാൻ കഴിയില്ലെന്നും കോടതി പറഞ്ഞു. മാർച്ച് ആറിന് ലഖ്നൗ അഡീഷണൽ സെഷൻസ് ജഡ്ജി പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ടായിരുന്നു ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചത്.

സ്ഫോടനത്തിൽ പിടികൂടിയ ഡിവൈഎഫ്ഐ പ്രവർത്തകൻ സാമൂഹ്യ പ്രവർത്തകൻ

കണ്ണൂർ: പാനൂർ ബോംബ് സ്ഫോടനക്കേസിൽ പിടിയിലായ ഡിവൈഎഫ്ഐ പ്രവർത്തകൻ സാമൂഹ്യപ്രവർത്തകനെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ.

അപകടസ്ഥലത്ത് പരുക്കേറ്റവരെ സഹായിക്കാൻ എത്തിയതാണ് ആളെന്നും എംവി ഗോവിന്ദൻ. പാനൂർ സ്ഫോടന കേസിൽ സിപിഎമ്മിനെതിരെ നടക്കുന്നത് കള്ള പ്രചാരവേല, കേരളത്തിൽ ഇനി പാർട്ടി സംഘർഷാവസ്ഥ ഉണ്ടാക്കില്ല, കൊലപാതത്തെ ഇനി കൊലപാതം കൊണ്ട് നേരിടില്ലെന്ന് പാർട്ടി നേരത്തെ പ്രഖ്യാപിച്ചതാണ്, ദുർബലരാണ് തിരിച്ചടിക്കുക, ബലവാന്മാർ ക്ഷമിക്കുകയാണ് ചെയ്യുക, സ്ഫോടനത്തിൽ പിടികൂടിയ ഡിവൈഎഫ്ഐ പ്രവർത്തകൻ സാമൂഹ്യ പ്രവർത്തകനാണ്, അതിന്റെ ഭാഗമായാണ് ഇയാൾ അപകടസ്ഥലത്ത് എത്തിയത്, പരുക്കേറ്റവരെ ആശുപത്രിയിലെത്തിക്കാൻ സഹായിച്ചതാണ്, ഇക്കാര്യംപരിശോധിക്കണമെന്നും എംവി ഗോവിന്ദൻ.

തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പാനൂർ സ്ഫോടനക്കേസ് കേരളത്തിൽ, പ്രത്യേകിച്ച് വടകരയിൽ സിപിഎമ്മിന് തലവേദനയാവുകയാണ്.

സ്ഫോടനത്തിൽ മരിച്ചയാൾക്കും പിടിയിലായവർക്കുമുള്ള പാർട്ടി ബന്ധം ചോദ്യം ചെയ്യപ്പെടുന്നതോടെ ന്യായീകരിക്കാനുള്ള ശ്രമത്തിലാണ് സിപിഎം. കഴിഞ്ഞ ദിവസം സ്ഫോടനത്തിൽ മരിച്ച ഷെഹിലിൻറെ വീട്ടിൽ സിപിഎം നേതാക്കൾ സന്ദർശനം നടത്തിയതും വലിയ വിവാദമായിരുന്നു.

എന്നാൽ ബോംബ് നിർമ്മാണത്തിൽ തങ്ങൾക്ക് ബന്ധമില്ലെന്ന് തന്നെയാണ് സിപിഎം ആവർത്തിച്ച് പറയുന്നത്. ബോംബ് നിർമ്മാണത്തിനിടെയാണ് വെള്ളിയാഴ്ച പുലർച്ചയോടെ പാനൂർ കുന്നോത്ത് പറമ്പിൽ സ്ഫോടനമുണ്ടായത്. പരുക്കേറ്റ വിനീഷ് ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്.

മണിപ്പൂർ സംഘർഷത്തിൽ പ്രതികരണവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി

ദില്ലി: മണിപ്പൂർ സംഘർഷത്തിൽ പ്രതികരണവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി. സാധ്യമായതെല്ലാം മണിപ്പൂരിൽ ചെയ്തുവെന്ന് നരേന്ദ്ര മോദി പറഞ്ഞു. സർക്കാർ ഇടപെട്ടതോടെ സ്ഥിതി?ഗതികൾ മെച്ചപ്പെട്ടു. അമിത് ഷാ മണിപ്പൂരിൽ തങ്ങി സ്ഥിതി?ഗതികൾ വിലയിരുത്തിയതാണെന്നും അസമിലെ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിലാണ് മോദി പറഞ്ഞത്. സർക്കാർ സമയബന്ധിതമായി ഇടപെട്ടുവെന്നും മോദി പറഞ്ഞു.

സംസ്ഥാന സർക്കാറിൻറെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാർ സഹായം തുടരുന്നുണ്ട്. കലാപ ബാധിതർക്കുള്ള സഹായവും പുനരധിവാസ പ്രവർത്തനങ്ങളും ഇപ്പോഴും മണിപ്പൂരിൽ തുടരുന്നുണ്ടെന്നും മോദി പറഞ്ഞു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളില് നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെ കുറിച്ച് മോദി വിശദമായി അഭിമുഖത്തിൽ വിവരിക്കുന്നുണ്ട്.

പാനൂർ സ്ഫോടനം: മരണ വീട് സന്ദർശിച്ചത് സാമൂഹിക ജീവിതത്തിന്റെ ഭാഗം; മുഖ്യമന്ത്രി

പത്തനംതിട്ട: കണ്ണൂർ പാനൂരിൽ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട ഷിബിലിന്റെ വീട് സിപിഎം നേതാക്കൾ സന്ദർശിച്ചതിനെ ന്യായീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. മരണ വീട് സന്ദർശിച്ചത് സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. അതിൽ രാഷ്ട്രീയം കാണേണ്ടതില്ല. സന്ദർശനം മനുഷ്യത്വപരമായ സമീപനം മാത്രമാണ്. കുറ്റത്തോട് ഒരു മൃദുസമീപനവുമില്ലെന്ന് മുഖ്യമന്ത്രി അടൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.പാനൂരെ സംഭവം സാധാരണ നിലയിൽ അംഗീകരിക്കാൻ പറ്റാത്ത കാര്യമാണ്. നമ്മുടെ നാട്ടിൽ ബോംബ് നിർമിക്കേണ്ട യാതൊരു ആവശ്യവുമില്ല. നിയമപരമായ നടപടികൾ ഇതിൽ സ്വീകരിക്കും. അതിശക്തമായ നടപടികൾ ഉണ്ടാകും. രാഷ്ട്രീയമായി അതിനെ കാണേണ്ടതില്ല. തെറ്റാണ് ചെയ്തിരിക്കുന്നത്. ആ ത

'വോട്ട് ചെയ്യാൻ പോകണം, പക്ഷേ കപ്പൽ ടിക്കറ്റില്ല'; പ്രതിസന്ധിയിലായി കേരളത്തിലെ ലക്ഷദ്വീപ് നിവാസികൾ

കൊച്ചി: കേരളത്തിൽ ജീവിക്കുന്ന ലക്ഷദ്വീപ് നിവാസികൾക്ക് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ പോകുന്നതിന് ആവശ്യമായ കപ്പൽ ടിക്കറ്റുകൾ ലഭിക്കുന്നില്ലെന്ന് പരാതി. കപ്പൽ ടിക്കറ്റുകൾ റിലീസ് ചെയ്യുന്ന ഓൺലൈൻ സൈറ്റിന് നിലവാരമില്ലെന്നും ടിക്കറ്റുകൾ മൊത്തമായി ഏജൻസികൾ ബുക്ക് ചെയ്യുന്നതിനാൽ സാധാരണക്കാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്നും ആക്ഷേപമുണ്ട്.

ലക്ഷദ്വീപ് നിവാസികളായ 3500 അധികം ആളുകളാണ് കൊച്ചിയിലും കേരളത്തിന്റെ മറ്റു ഭാഗങ്ങളിലും പഠിക്കുന്നതിനും മറ്റ് വിവിധ ആവശ്യങ്ങൾക്കുമായുള്ളത്. തെരഞ്ഞെടുപ്പ് കാലം അടുത്തതോടെ വോട്ട് ചെയ്യാനായി ഭൂരിഭാഗം പേരും ടിക്കറ്റുകൾക്കായി ശ്രമിച്ചെങ്കിലും ഓൺലൈൻ സൈറ്റിൽ പേയ്മെന്റ് ഓപ്ഷൻ എത്തുമ്പോൾ സൈറ്റ് തകരാറിൽ ആകുന്ന അവസ്ഥയാണ്.

കപ്പലുകളുടെ 50ശതമാനം ടിക്കറ്റുകൾ ഓഫ് ലൈൻ റിലീസിംഗ് നടത്തണമെന്നും പഠന ആവശ്യത്തിനായി വന്ന വിദ്യാർഥികൾക്ക് തിരിച്ചറിയൽ കാർഡുകൾ ഉപയോഗിച്ച് ടിക്കറ്റുകൾ ഉറപ്പുവരുത്തി ദ്വീപിൽ വോട്ട് ചെയ്യാനുള്ള അവസരം ഒരുക്കണമെന്നും ദ്വീപ് നിവാസികൾ ഇലക്ഷൻ ചുമതല വഹിക്കുന്ന ചീഫ് ഇലക്ടറൽ ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നു.മിനിക്കോയി കവരത്തി ആന്ത്രോത്ത് ദ്വീപുകളിലെ നിവാസികളാണ് ആവശ്യമായ ടിക്കറ്റ് കിട്ടാതെ കുടുങ്ങിയിരിക്കുന്നത്. ഈ ദ്വീപുകളിലേക്ക് കൂടുതൽ കപ്പൽ വെസൽ സർവീസുകളും വേണമെന്നാണ് ഇവരുടെ ആവശ്യം.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനം

സി വിജിൽ വഴി ലഭിച്ചത് 1,07,202 പരാതികൾ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനം സംബന്ധിച്ച പരാതികൾ അറിയിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ സജ്ജമാക്കിയ സി വിജിൽ (രഹസ്യക്കാഴ്ച) മൊബൈൽ ആപ്പ് വഴി സംസ്ഥാനത്ത് 1,07,202 പരാതികൾ ലഭിച്ചെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇവയിൽ അന്വേഷണത്തിൽ ശരിയെന്ന് കണ്ടെത്തിയ 1,05,356 പരാതികളിൽ നടപടി എടുത്തു. 183 പരാതികളിൽ നടപടി പുരോഗമിക്കുന്നു. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച മാർച്ച് 16 മുതൽ ഏപ്രിൽ 7 വരെയുള്ള കണക്കാണിത്.

അനുമതിയില്ലാതെ പതിച്ച പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ, ചുവരെഴുത്തുകൾ, നിർബന്ധിത വിവരങ്ങൾ രേഖപ്പെടുത്താത്ത പോസ്റ്ററുകൾ, വസ്തുവകകൾ വികൃതമാക്കൽ, അനധികൃത പണം കൈമാറ്റം, അനുമതിയില്ലാതെ വാഹനം ഉപയോഗിക്കൽ, മദ്യവിതരണം, സമ്മാനങ്ങൾ നൽകൽ, ആയുധം പ്രദർശിപ്പിക്കൽ, വിദ്വേഷപ്രസംഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികളാണ് സി വിജിൽ മുഖേന കൂടുതലായി ലഭിച്ചത്. അനുമതിയില്ലാത്ത പോസ്റ്ററുകളും ബാനറുകളും സംബന്ധിച്ച 93,540 പരാതികൾ ലഭിച്ചപ്പോൾ വസ്തുവകകൾ വികൃതമാക്കിയത് സംബന്ധിച്ച് 5,908 പരാതികളാണ് ലഭിച്ചത്. നിർബന്ധിത വിവരങ്ങൾ രേഖപ്പെടുത്താത്ത പോസ്റ്ററുകൾ സംബന്ധിച്ച 2,150 പരാതികളും അനുമതിയില്ലാതെ വാഹനം ഉപയോഗിച്ചതിനെക്കുറിച്ച് 177 പരാതികളും ലഭിച്ചു. പണവിതരണം(29), മദ്യവിതരണം(32), സമ്മാനങ്ങൾ നൽകൽ(24), ആയുധപ്രദർശനം(110), വിദ്വേഷപ്രസംഗം(19), സമയപരിധി കഴിഞ്ഞ് സ്പീക്കർ ഉപയോഗിക്കൽ(10) തുടങ്ങിയവ സംബന്ധിച്ച പരാതികളും സി വിജിൽ വഴി ലഭിച്ചു. പരാതികളിൽ വസ്തുതയില്ലെന്ന് കണ്ട് 1,663 പരാതികൾ തള്ളി.

പെരുമാറ്റ ചട്ടലംഘനം സംബന്ധിച്ച ഏതുതരം പരാതികളും അപ്പപ്പോൾ സി വിജിൽ(സിറ്റിസൺസ് വിജിൽ) ആപ്ലിക്കേഷനിലൂടെ അയക്കാമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ആപ്പ് വഴി അയക്കുന്ന പരാതികളിന്മേൽ ഉടനടി നടപടി എടുക്കും. ചട്ടലംഘനങ്ങളുടെ ഫോട്ടോ, രണ്ടുമിനുട്ടിൽ കൂടാത്ത വീഡിയോ എന്നിവ സഹിതം ചെറുകുറിപ്പോടെ നൽകുന്ന പരാതികൾക്ക് 100 മിനുട്ടിനുള്ളിൽ നടപടിയുണ്ടാവും.

സി വിജിൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാനാവും. ആയുധങ്ങൾ കൊണ്ടുനടക്കൽ, ഭീഷണിപ്പെടുത്തൽ, സമ്മാനങ്ങൾ വിതരണം ചെയ്യൽ, മദ്യവിതരണം, പണം വിതരണം, പെയ്ഡ് ന്യൂസ്, ഡിക്ലറേഷനില്ലാത്ത പോസ്റ്ററുകൾ, അനുമതിയില്ലാതെ പോസ്റ്ററും ബാനറും പതിക്കൽ, വസ്തുവകകൾ നശിപ്പിക്കൽ, വിദ്വേഷപ്രസംഗങ്ങൾ, സന്ദേശങ്ങൾ, റാലികൾക്ക് പൊതുജനങ്ങളെ കൊണ്ടുപോകൽ, വോട്ടെടുപ്പ് ദിവസം വോട്ടർമാരെ കൊണ്ടുപോകൽ, അനുവദിക്കപ്പെട്ട സമയപരിധി കഴിഞ്ഞ് സ്പീക്കർ ഉപയോഗിക്കൽ, അനുമതി കൂടാതെയുള്ള വാഹന ഉപയോഗം എന്നിവയൊക്കെ ശ്രദ്ധയിൽപ്പെട്ടാൽ സി വിജിൽ വഴി പരാതിപ്പെടാം.

സി വിജിൽ വഴി അയക്കുന്ന പരാതികൾ ജില്ലാ കലക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമിലാണ് എത്തുക. പരാതികൾ ലഭിച്ച പ്രദേശങ്ങളിൽ ആ സമയത്തുള്ള നിരീക്ഷണ സ്ക്വാഡുകൾക്ക് ഉടൻ വിവരം കൈമാറും. പരാതിയെക്കുറിച്ച് അന്വേഷണം നടത്തി 30 മിനുട്ടുകൾക്കകം ഫീൽഡ് സ്ക്വാഡ് വിവരം ജില്ലാതല കേന്ദ്രത്തിന് കൈമാറും. ഇതനുസരിച്ച് ജില്ലാതലത്തിൽ നടപടിയെടുക്കേണ്ട വിഷയങ്ങളിൽ ഉടൻ തന്നെ നടപടിയെടുക്കും. അല്ലാത്ത വിഷയങ്ങൾ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസിന് കൈമാറുകയാണ് ചെയ്യുക. സ്വീകരിച്ച നടപടി ഉടൻ പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. ഓരോ പരാതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് മനസ്സിലാക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചു ചട്ടലംഘനം നടന്ന സ്ഥലം കണ്ടെത്താനാകും. പരാതി അപ്ലോഡ് ചെയ്തു കഴിയുന്നതോടെ യൂണീക് ഐഡി ലഭിക്കും. ഇതിലൂടെ പരാതിയുടെ ഫോളോഅപ്പ് മൊബൈലിൽ തന്നെ ട്രാക്ക് ചെയ്യാൻ കഴിയും. പരാതിക്കാരന്റെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. ചട്ടലംഘനം നടന്ന സ്ഥലത്തു നേരിട്ട് പോയി എടുത്ത ചിത്രങ്ങൾ മാത്രമേ ആപ്പ് വഴി അയക്കാൻ സാധിക്കൂ. മറ്റുള്ളവർ എടുത്തു കൈമാറി കിട്ടിയ ചിത്രങ്ങൾ അയക്കാൻ സാധിക്കില്ല. അതിനാൽ വ്യാജപരാതികൾ ഒഴിവാക്കാൻ കഴിയും. ചട്ടലംഘനം എന്ന പേരിൽ വാട്ട്സാപ്പിലൂടെയും മറ്റും കൈമാറിക്കിട്ടിയ ചിത്രങ്ങൾ നിജസ്ഥിതി അറിയാതെ ആപ്പ് വഴി അയക്കുന്നതു തടയാനാണു സ്വന്തം ഫോൺകാമറ വഴി എടുത്ത ചിത്രങ്ങൾക്കു മാത്രമായി നിയന്ത്രണം ഏർപ്പെടുത്തിയത്.

വൃക്കയും കരളും മാറ്റി വെച്ചവർക്കുള്ള സൗജന്യ മരുന്ന് വിതരണം തുടരണം: ഹൈക്കോടതി

മലപ്പുറം: വൃക്കയും കരളും മാറ്റി വെച്ചവർക്കുള്ള സൗജന്യ മരുന്ന് വിതരണം തുടരണമെന്ന് ഹൈക്കോടതി. കിഡ്നി ഫ്രണ്ട്സ് കൂട്ടായ്മ നൽകിയ ഹരജിയിലാണ് ഹൈക്കോടതി ഉത്തരവ്.

ഉത്തരവ് ഉടൻ നടപ്പിലാക്കിയില്ലെങ്കിൽ ലോക്സഭ തെരഞ്ഞെടുപ്പിൽ സർക്കാറിനെതിരെ പ്രചരണത്തിന് ഇറങ്ങാനാണ് കിഡ്നി ഫ്രണ്ട്സ് കൂട്ടായ്മയുടെ തീരുമാനം.

കരളും വൃക്കയും മാറ്റി വെച്ച രോഗികൾക്ക് ആജീവനാന്തം ഭീമമായ തുകക്ക് മരുന്ന് കഴിക്കണം . ആദ്യം ജില്ലാ പഞ്ചായത്തുകളും പിന്നീട് സംസ്ഥാന സർക്കാറും സൗജന്യമായി ബ്രാന്റഡ് മരുന്നുകൾ നൽകിയിരുന്നു. 2023 ഒക്ടോബർ 10 ന് സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം സൗജന്യ മരുന്ന് വിതരണം നിർത്തി. ഇതിനെതിരെ കിഡ്നി ഫ്രണ്ട്സ് കൂട്ടായ്മ ഹൈക്കോടതിയെ സമീപിച്ചു.

രോഗികൾക്ക് അനുകൂലമായ തീരുമാനം എടുക്കണമെന്നാണ് ഹൈക്കോടതി ഉത്തരവിട്ടത്. ഉത്തരവ് ഉടൻ നടപ്പിലാക്കിയില്ലെങ്കിൽ സംസ്ഥാന സർക്കാരിനെതിരെ പ്രചരണം നടത്തുമെന്നാണ് കിഡ്നി ഫ്രണ്ട്സ് കൂട്ടായ്മ പറയുന്നത്.

മാർച്ച് 20 നാണ് ഹൈക്കോടതി ഉത്തരവിറങ്ങിയത്. 3 മാസം വരെ ഉത്തരവ് നടപ്പിലാക്കാൻ സമയം ഉണ്ട് എന്നാണ് ഔദ്യോഗിക വിശദീകരണം .

എന്നാൽ രോഗികളും അവരുടെ കുടുംബങ്ങളും തെരുവിലിറങ്ങി പ്രചരണം നടത്തിയാൽ എൽ.ഡി.എഫിന് ക്ഷീണം ചെയ്യും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നാണ് മരുന്ന് വാങ്ങുന്നതിനുള്ള പണം അനുവദിക്കുന്നത്.

പാനൂർ സ്ഫോടനം

മുഖ്യസൂത്രധാരൻ ഡി.വൈ.എഫ്.ഐ യൂണിറ്റ് സെക്രട്ടറിയെന്ന് പൊലീസ്

കണ്ണൂർ: പാനൂർ സ്ഫോടനത്തിൻറെ മുഖ്യസൂത്രധാരൻ ഡി.വൈ.എഫ്.ഐ യൂണിറ്റ് സെക്രട്ടറിയെന്ന് പൊലീസ്. മുഖ്യസൂത്രധാരനായ കുന്നോത്ത് പറമ്പ് യൂണിറ്റ് സെക്രട്ടറി ഷിജാലിന് വേണ്ടി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. അറസ്റ്റിലായ അമൽ ബാബുവിനും ഡി.വൈ.എഫ്.ഐ ഭാരവാഹിയാണ്. അതേസമയം പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന അശ്വന്ത്, വിനോദ് എന്നിവരുടെ അറസ്റ്റ് ഇന്ന് രേഖപ്പെടുത്തും.

കഴിഞ്ഞ വ്യാഴാഴ്ച രാത്രി ഒരുമണിയോടെയാണ് സ്ഫോടനം ഉണ്ടായത്. ബോംബ് നിർമാണത്തിനിടെയാണ് സ്ഫോടനം നടന്നതെന്നാണ് പൊലീസ് എഫ്.ഐ.ആറിൽ പറയുന്നത്. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കെതിരെ പൊലീസ് കേസെടുത്തിരുന്നു. ഗുരുതരമായി പരിക്കേറ്റ പാനൂർ മുളിയത്തോട് സ്വദേശി ഷെറിൻ കാട്ടിൻറവിട കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ മരിച്ചിരുന്നു. കൈപ്പത്തി തകർന്ന വിനീഷ് വലിയ പറമ്പത്ത് ആശുപത്രിയിൽ ചികിത്സയിലാണ്വിനീഷും മരിച്ച ഷെറിനും സി.പി.എം പ്രവർത്തകരാണ്.വിനീഷിന്റെ വീടിന്റെ അടുത്തുള്ള കട്ടക്കളത്തിൽ വെച്ചാണ് സ്ഫോടനമുണ്ടായത്.

അതേസമയം സ്ഫോടനത്തിൽ സി.പി.എം പ്രവർത്തകർക്ക് പങ്കില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ വ്യക്തമാക്കിയിരുന്നു. തെരഞ്ഞെടുപ്പ് കാലത്ത് സി.പി.എം പ്രവർത്തകരെ കൊണ്ട് ബോംബ് ഉണ്ടാക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആരോപിച്ചിരുന്നു.

ഇന്നത്തെ ചിന്താവിഷയം

പ്രൊഫഷണൽ നെറ്റുവർക്ക്

ഇക്കാലത്ത് നെറ്റുവർക്കു മേഖല വിപുലപ്പെട്ടിരിക്കുന്നു. ജീവിതം തന്നെ നെറ്റുവർക്കുകളെ ആശ്രയിച്ചു പോകുന്നവരുണ്ട്. ഇവിടെയാണ് ഒരു പ്രൊഫഷണലിന്റെ പ്രസക്തി. പ്രാവിണ്യം മുഖ്യഘടകം അത്രെ. പ്രാവിണ്യം എത്ര മാത്രം കൂടുന്നുവോ അത്രമാത്രം സ്വീകാര്യത കാര്യക്ഷമത വർദ്ധിക്കുന്നു.

പ്രൊഫഷണൽ നെറ്റുവർക്കിന്റെ യുഗമെന്നു നമുക്ക് ഇക്കാലത്തെ വിശേഷിപ്പിക്കാം. മനുഷ്യന്റെ ഒട്ടുമിക്ക കാര്യങ്ങളും വിരൽ തുമ്പത്ത് ചെയ്തു തീർക്കാനാവുന്നു എന്നത് അത്ഭുതമെങ്കിലും മഹാ കാര്യമത്രെ. അത്രമാത്രം ലോകം പുരോഗമിച്ചിരിക്കുന്നു. ലോകം പുരോഗമിക്കുക എന്നു പറയുമ്പോൾ ജനതകളുടെ പുരോഗമനമാകുന്നു. തൊഴിൽ രംഗത്ത് പ്രൊഫഷണൽ നെറ്റ് വർക്ക് കൂടുതൽ വ്യാപിച്ചിരിക്കുന്നതു കാണാം. തൊഴിൽ അധിഷ്ഠിതമത്രെ ഏതൊരു സംരംഭത്തിനും പ്രധാനം. അവ ഉന്നതങ്ങൾ വെട്ടിപ്പിടിക്കുമ്പോൾ വിജയം കൈവരിക്കുമ്പോൾ അതിൽ സത്യസന്ധത പുലർത്തിയായിരിക്കണമെന്ന വസ്തുത മറക്കരുത്. സത്യമാണ് അന്തിമ വിജയം. സത്യസന്ധതയും നീതി ബോധവും ഉള്ളിടത്ത് ഈശ്വരചൈതന്യം പ്രകടമായി അനുഭവിക്കാനാകുന്നു. സത്യവും നീതിയും ഈശ്വരന്റെ മുഖങ്ങളാണ്. അത് നെഞ്ചിലേറ്റുക എന്തുകൊണ്ടും മനുഷ്യന് ശാന്തിയും സമാധാനവും നൽകിടും. ജീവിതത്തിൽ ആരും ആഗ്രഹിക്കുന്നതും ശാന്തിയും സമാധാനവും ആണ്. ഈ കമ്പ്യൂട്ടർ യുഗത്തിൽ മേൽപ്പറഞ്ഞ വയാകട്ടെ ഏവരുടേയും ലക്ഷ്യം. അതു സാക്ഷാത്ക്കരിക്കുകയാകട്ടെ ഏവരുടേയും ദൗത്യം. അതിനായിട്ട് പ്രൊഫഷണൽ നെറ്റവർക്ക് ഉപയോഗപ്രദമാക്കുകയാണ് ഫലപ്രദ മാർഗ്ഗം. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നുകൊണ്ട് നന്ദി നമസ്ക്കാരം.

കെ. വിജയൻ നായർ
ഉല്ലാസ് നഗർ (മുംബൈ)

കേരളത്തിൽ ബിജെപി അഞ്ചിലേറെ സീറ്റ് നേടും;പ്രകാശ് ജാവഡേക്കർ

കൊച്ചി: ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് നിന്ന് ബിജെപി അഞ്ചിലേറെ സീറ്റ് നേടുമെന്ന് മുതിർന്ന ബിജെപി നേതാവ് പ്രകാശ് ജാവഡേക്കർ പറഞ്ഞു. ദക്ഷിണേന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ എംപിമാരുള്ള പാർട്ടിയായി ബിജെപി മാറുമെന്നും അദ്ദേഹം ന്യൂ ഇന്ത്യൻ എക്സ്പ്രസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

ഇത്തവണ കേരളീയരുടെ മനസിൽ വലിയ ഒരുമാറ്റമുണ്ട്. അതിന് കാരണം മോദി തന്നെ വീണ്ടും പ്രധാനമന്ത്രിയാകുമെന്നതാണ്. കഴിഞ്ഞ തവണ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുമെന്ന് കരുതി വോട്ട് ചെയ്തവർ അത് പാഴാക്കിയല്ലോ എന്നാണ് ഇപ്പോൾ ചിന്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദക്ഷിണേന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ എംപിമാരുള്ള പാർട്ടിയായി ബിജെപി മാറുമെന്നും അദ്ദേഹം പറഞ്ഞു. ബിജെപി ഉത്തരേന്ത്യയുടെ മാത്രം പാർട്ടിയാണെന്ന ധാരണ പ്രചരിപ്പിക്കുന്നവർക്ക് തെറ്റിയെന്നും അത്തരത്തിലുള്ള ഒരുവിഭജനത്തിന് ഇന്ന് അടിസ്ഥാനമില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ഇന്ത്യ ഒന്നാണ്, എല്ലാ ഇന്ത്യക്കാരും ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വർണവില കുതിക്കുന്നത് തുടരുന്നു

കൊച്ചി: സംസ്ഥാനത്ത് സ്വർണവില റെക്കോർഡുകൾ ഭേദിച്ച് കുതിക്കുന്നത് തുടരുന്നു. ഇന്ന് 240 രൂപയാണ് വർധിച്ചത്. ഇതോടെ ഒരു പവൻ സ്വർണത്തിന്റെ വില 52,520 രൂപയായി. ഗ്രാമിന് 30 രൂപയാണ് കൂടിയത്. 6565 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

കഴിഞ്ഞ മാസം 29ന് ആണ് ആദ്യമായി സ്വർണവില 50,000 കടന്നത്. അന്ന് ഒറ്റയടിക്ക് 440 രൂപ വർധിച്ച് 50,400 രൂപയായാണ് സ്വർണവില ഉയർന്നത്. പിന്നീടുള്ള ദിവസങ്ങളിൽ ഏറിയും കുറഞ്ഞും നിന്ന സ്വർണവിലയാണ് ഈ മാസം മൂന്നാംതീയതി മുതൽ വീണ്ടും ഉയരാൻ തുടങ്ങിയത്. രണ്ടു ദിവസത്തിനിടെ ആയിരം രൂപ വർധിച്ച ശേഷം തുടർന്നുള്ള ദിവസങ്ങളിലും വില ഉയരുന്നത് തുടരുകയാണ്. ആറുദിവസത്തിനിടെ രണ്ടായിരത്തോളം രൂപയാണ് വർധിച്ചത്.

ആഗോളതലത്തിൽ സ്വർണവിലയിൽ ഉണ്ടായ വർധനയും സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തിലേക്ക് കൂടുതൽ പേർ എത്തുന്നതുമാണ് കഴിഞ്ഞദിവസങ്ങളിൽ വിലയിൽ പ്രതിഫലിച്ചത്.

വീടിനുള്ളിൽ പൊള്ളലേറ്റ നിലയിൽ; അമ്മയ്ക്ക് പിന്നാലെ മകളും മരിച്ചു

പാലക്കാട് വല്ലപ്പുഴയിൽ അമ്മയെയും മക്കളെയും വീടിനുള്ളിൽ പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ, അമ്മയ്ക്കു പിന്നാലെ ചികിത്സയിലിരുന്ന മൂത്ത മകളും മരിച്ചു. വല്ലപ്പുഴ ചെറുകോട് മുണ്ടക്കപറമ്പിൽ പ്രദീപിന്റെ മകൾ നിള (12) ആണ് മരിച്ചത്. തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം.

ഞായറാഴ്ച പുലർച്ചയാണ് വീട്ടിലെ കിടപ്പുമുറിയിൽ പ്രദീപിന്റെ ഭാര്യ ബീനയെ (35) പൊള്ളലേറ്റ് മരിച്ച നിലയിൽ കണ്ടെത്തിയത്. മണ്ണെണ്ണ ശരീരത്തിൽ ഒഴിച്ച് തീ കൊളുത്തിയ നിലയിലായിരുന്നു. പൊള്ളലേറ്റ ആറു വയസുകാരി നിവേദ ചികിത്സയിൽ കഴിയുകയാണ്.

കുടുംബ പ്രശ്നമാണ് സംഭവത്തിലേക്ക് നയിച്ചതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. ബീനയുടെ ഭർത്താവ് പ്രദീപ് വടകയിൽ മരപ്പണി ചെയ്യുകയാണ്.

രണ്ടു മാസത്തിലധികമായി നാട്ടിലെത്തുന്നത് സംഭവത്തെപ്പറ്റി അന്വേഷണം നടക്കുകയാണെന്ന് പൊലീസ് പറഞ്ഞു.

കാറും സ്കൂട്ടറും കൂട്ടിയിടിച്ചു; രണ്ടു യുവാക്കൾ മരിച്ചു

കൊച്ചി: എറണാകുളം ജില്ലയിലെ മുളന്തുരുത്തി അരയൻകാവിന് സമീപം വാഹനാപകടത്തിൽ രണ്ടുപേർ മരിച്ചു. കാഞ്ഞിരമറ്റം സ്വദേശികളായ ജോയൽ ജോസഫ് ആന്റണി, നിസാം എന്നിവരാണ് മരിച്ചത്.

അരയൻകാവിന് സമീപം ഇന്നലെ രാത്രി പത്തരയോടെ ആയിരുന്നു അപകടം. എതിർദിശകളിൽ വന്ന കാറും സ്കൂട്ടറും കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. ബൈക്ക് യാത്രക്കാരാണ് മരിച്ചത്.

കാറിലിടിച്ച സ്കൂട്ടർ സമീപത്തെ മതിലിൽ ഇടിച്ച് മറിഞ്ഞു. ഗുരുതരമായി പരിക്കേറ്റ ഒരാൾ ഇന്നലെ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി മരിച്ചു. രണ്ടാമത്തെയാൾ ഇന്നു പുലർച്ചെ ചികിത്സയിലിരിക്കെയാണ് മരിച്ചത്.

കുട്ടികൾക്ക് മുൻപിൽ 'ദി കേരള സ്റ്റോറി' പ്രദർശിപ്പിച്ച് ഇടുക്കി രൂപത

അടിമാലി: കുട്ടികൾക്ക് മുന്നിൽ 'ദി കേരള സ്റ്റോറി' സിനിമ പ്രദർശിപ്പിച്ച് ഇടുക്കി രൂപത. വിശ്വാസോത്സവത്തിന്റെ ഭാഗമായി നാലാം തീയതിയായിരുന്നു ചിത്രം പ്രദർശിപ്പിച്ചത്. പത്തുമുതൽ പ്ലസ് ടുവരെയുള്ള കുട്ടികൾക്ക് വേണ്ടിയായിരുന്നു ചിത്രം പ്രദർശിപ്പിച്ചത്.

അവധിക്കാലത്ത് കുട്ടികൾക്കായി മൂന്ന് ദിവസത്തെ ഒരു ക്യാംപ് നടത്തിയിരുന്നു. അതിൽ പ്രണയത്തെ കുറിച്ച് പഠിക്കാൻ ഒരുഭാഗമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് പഠിക്കാനായി കുട്ടികൾക്ക് ഒരു പുസ്തകവും വിതരണം ചെയ്തിരുന്നു. അത്തരം ഒരു ഉള്ളടക്കം കേരള സ്റ്റോറി എന്ന സിനിമയ്ക്ക് ഉള്ളതുകൊണ്ടാണ് ചിത്രം പ്രദർശിപ്പിച്ചതെന്നാണ് രൂപത ഡയറക്ടർ ജിൻസ് കാരക്കാട് പറഞ്ഞു.

സംസ്ഥാനത്ത് ലൗ ജിഹാദ് നിലനിൽക്കുന്നതായും അദ്ദേഹം പറഞ്ഞു. കുട്ടികളെ പ്രണയത്തിൽ അകപ്പെടുത്തി തീവ്രവാദത്തിലേക്ക് നയിക്കുന്നു. ഇതിൽ അവബോധം നൽകി കുട്ടികളെ രക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും ജിൻസ് കാരക്കാട്ട് കൂട്ടിച്ചേർത്തു.

പ്രതിപക്ഷ നേതാവ് വി. ഡി സതീശന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി ഇന്ന് തുടങ്ങും

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് വി.ഡി സതീശന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി ഇന്ന് തുടങ്ങും. 20 പാർലമെന്റ് മണ്ഡലങ്ങളിലും സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

ഇന്ന് വൈകിട്ട് അഞ്ചരയ്ക്ക് ആറ്റിങ്ങൽ മണ്ഡലത്തിലെ വെമ്പായത്തും ആറരയ്ക്ക് തിരുവനന്തപുരം മണ്ഡലത്തിലെ പേട്ടയിലുമാണ് പ്രചാരണം. ചൊവ്വാഴ്ച പത്തനംതിട്ടയിലും ബുധനാഴ്ച കോട്ടയം മണ്ഡലത്തിലും പ്രതിപക്ഷ നേതാവെത്തും. റമ്ദാന് ശേഷം 12ന് എറണാകുളം, 13ന് തൃശൂർ മണ്ഡലങ്ങളിലാണ് പൊതുപരിപാടികൾ.

അതേസമയം ലോക്സഭാ തെരഞ്ഞെടുപ്പിലേക്ക് സ്ഥാനാർഥികൾ സമർപ്പിച്ച നാമ നിർദ്ദേശ പത്രിക

പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്. സൂക്ഷ്മപരിശോധന കഴിഞ്ഞതോടെ 20 മണ്ഡലങ്ങളിലായി 204 സ്ഥാനാർഥികളായിരിന്നു മത്സര രംഗത്തുണ്ടായിരുന്നത്.

നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കുന്നതോടെ അന്തിമ സ്ഥാനാർഥി പട്ടികയ്ക്ക് രൂപമാകും.ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ കോട്ടയത്തും കുറവ് സ്ഥാനാർത്ഥികൾ ആലത്തൂരിലുമാണ് നിലവിൽ ഉള്ളത്. കോട്ടയത്ത് നിലവിൽ 14 പേരും ആലത്തൂരിൽ അഞ്ച് പേരുമാണ് മത്സര രംഗത്തുള്ളത്.

നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിനം ഇന്ന്

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിൽ കേരളത്തിലെ സ്ഥാനാർത്ഥികളെ സംബന്ധിച്ച അവസാന ചിത്രം ഇന്ന് തെളിയും. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഇന്നാണ്. വൈകീട്ട് മൂന്നുമണി വരെയാണ് നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയം.

സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ സംസ്ഥാനത്ത് 86 പേരുടെ പത്രികകളാണ് തള്ളിയത്. ഇതോടെ 20 മണ്ഡലങ്ങളിലായി പ്രമുഖ മുന്നണികളിലെ സ്ഥാനാർത്ഥികൾ അടക്കം 204 പേരാണ് മത്സര രംഗത്തുള്ളത്. തിരുവനന്തപുരത്ത് കോൺഗ്രസ് വിമതനും യൂത്ത് കോൺഗ്രസ് മുൻ നേതാവുമായ ഷൈൻ ലാലും മത്സര രംഗത്തുണ്ട്.

പ്രമുഖ മുന്നണി സ്ഥാനാർത്ഥികൾക്ക് ഭീഷണിയായ വിമത, അപര സ്ഥാനാർത്ഥികളെ പിൻവലിപ്പിക്കാ

'സ്വാതന്ത്ര്യകാലം മുതൽ ഏറ്റവും വലിയ അഴിമതി നിറഞ്ഞ പാർട്ടിയാണ് ബി.ജെ.പി': എ.എ.പി നേതാവ് സഞ്ജയ് സിങ്

ന്യൂഡൽഹി: രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചത് മുതൽ ഏറ്റവും കൂടുതൽ അഴിമതി നടത്തിയ പാർട്ടി ബിജെപിയാണെന്ന് മുതിർന്ന ആം ആദ്മി പാർട്ടി നേതാവും എം.പിയുമായ സഞ്ജയ് സിങ്. ഇലക്ടറൽ ബോണ്ട് അഴിമതിയിൽ ബി.ജെ.പി നേതാക്കൾക്കെതിരെ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഡൽഹി മദ്യനയ അഴിമതി കേസിൽ ആറ് മാസത്തോളം തിഹാർ ജയിലിൽ കഴിഞ്ഞ നേതാവാണ് സഞ്ജയ് സിങ്. അടുത്തിടെയാണ് സഞ്ജയ് ജാമ്യത്തിലിറങ്ങിയത്.

"നിങ്ങൾക്ക് ബി.ജെ.പിയെ ഒന്നിലും വിശ്വസിക്കാനാകില്ല. അവർ അഴിമതികളിൽ നേരിട്ട് പങ്കുകാരാണ്. ബി.ജെ.പിയുടെ ഭരണകാലത്ത് വിവിധ വ്യവസായികളുടെ പതിനഞ്ച് ലക്ഷം കോടി രൂപയുടെ വായ്പകൾ എഴുതിത്തള്ളി. അവരുടെ കാലത്താണ് നോട്ട് നിരോധനം വന്നതും. ഇലക്ടറൽ ബോണ്ടിലൂടെ സംഭാവന നൽകിയ വിവിധ കമ്പനികൾക്ക് 3.8 ലക്ഷം കോടി രൂപയുടെ കരാറുകൾ നൽകി. വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തണം. ബി.ജെ.പിയാണ് മദ്യനയ അഴിമതി നടത്തിയത്. ഇപ്പോഴും ഇവരിൽ നിന്ന് പണം കണ്ടെത്തുന്നതായും സഞ്ജയ് സിങ് ആരോപിച്ചു.

ദിവസങ്ങൾക്ക് മുമ്പാണ് സുപ്രീംകോടതി സഞ്ജയ് സിങിന് ജാമ്യം നൽകിയത്. 2023 ഒക്ടോബർ നാലിനാണ് സഞ്ജയ് സിങിനെ അറസ്റ്റ് ചെയ്തത്. ഡൽഹി മദ്യ നയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലായിരുന്നു അറസ്റ്റ്. ആറ് മാസം അദ്ദേഹം ജയിലിൽ കഴിഞ്ഞു. അടുത്തിടെ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെയും അറസ്റ്റ് ചെയ്തിരുന്നു. ഈ മാസം പതിനഞ്ച് വരെ അദ്ദേഹത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരിക്കുകയാണ്. മന്ത്രിയായിരുന്ന മനീഷ് സിസോദിയ ഇതേ കേസുമായി ബന്ധപ്പെട്ട് ഇപ്പോഴും ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

'ബി.ജെ.പിയിൽ ചേർന്നില്ലെങ്കിൽ കേസ് വരും'

തൃണമൂൽ നേതാക്കൾക്ക് ഇ.ഡി–എൻ.ഐ.എ ഭീഷണിയെന്ന്

കൊൽക്കത്ത: കേന്ദ്ര അന്വേഷണ ഏജൻസികൾക്കെതിരെ ആരോപണവുമായി തൃണമൂൽ നേതാവും ബംഗാൾ മുഖ്യമന്ത്രിയുമായ മമത ബാനർജി. ബി.ജെ.പിയിൽ ചേർന്നില്ലെങ്കിൽ കേസ് നേരിടേണ്ടിവരുമെന്ന് എൻ.ഐ.എയും ഇ.ഡിയും സി.ബി.ഐയുമെല്ലാം തൃണമൂൽ നേതാക്കളെ ഭീഷണിപ്പെടുത്തുന്നുവെന്ന് അവർ ആരോപിച്ചു.

പുരുലിയയിൽ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു മമത. എൻ.ഐ. "എൻ.ഐ.എ, ഇ.ഡി, സി.ബി.ഐ തുടങ്ങിയ ഏജൻസികളെ തൃണമൂൽ കോൺഗ്രസ് നേതാക്കളെ വേട്ടയാടാനായി ഉപയോഗിക്കുകയാണ്. വീടുകളിൽ അതിക്രമിച്ചു കയറിയും മുൻകൂട്ടി വിവരം നൽകാതെയുമാണ് ഇവർ റെയ്ഡ് നടത്തുന്നത്. കൂരിരുട്ടിൽ എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ ഇങ്ങനെ വീട്ടിലേക്ക് അതിക്രമിച്ചു കയറിയാൽ സ്ത്രീകൾ എന്തു ചെയ്യും?"–മമത ചോദിച്ചു.

കഴിഞ്ഞ ദിവസം ഈസ്റ്റ് മെദിനിപൂരിലുള്ള ഭൂപതി നഗറിൽ നടന്ന എൻ.ഐ.എ റെയ്ഡ് സൂചിപ്പിച്ചാണ് ബംഗാൾ മുഖ്യമന്ത്രിയുടെ പരാമർശം. രാത്രി വൈകി വാതിൽ പൊളിച്ച് ഉദ്യോഗസ്ഥർ പരിശോധനയെന്ന പേരിൽ വീടിന്റെ അകത്തു കയറിയത് വലിയ വിവാദമായിരുന്നു. സംഭവത്തിൽ യുവതിയുടെ പരാതിയിൽ എൻ.ഐ.എ ഉദ്യോഗസ്ഥർക്കെതിരെ പൊലീസ് കേസെടുക്കുകയും ചെയ്തിരുന്നു.

ബി.ജെ.പിയിൽ ചേർന്നില്ലെങ്കിൽ നിയമനടപടി നേരിടേണ്ടി വരുമെന്നാണ് തങ്ങളുടെ നേതാക്കളോടും പ്രവർത്തകരോടും ഏജൻസികൾ പറയുന്നതെന്നും മമത ആരോപിച്ചു. രാമനവമിയോടനുബന്ധിച്ച് ബി.ജെ.പി വർഗീയ സംഘർഷത്തിനു ശ്രമിക്കുമെന്നും അതിൽ ആരും വീഴരുതെന്നും അവർ പറഞ്ഞു. ബി.ജെ.പി ഭരിക്കുന്ന കേന്ദ്ര സർക്കാർ ബംഗാളിന് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പി.എം ആവാസ് പദ്ധതി ഫണ്ടുകളൊന്നും തരുന്നില്ലെന്നും മമത ബാനർജി കുറ്റപ്പെടുത്തി.

ഭൂപതി നഗർ സ്വദേശിയായ യുവതിയുടെ പരാതിയിൽ എൻ.ഐ.എയ്ക്കും സി.ആർ.പി.എഫിനുമെതിരെ ഈസ്റ്റ് മെദിനിപൂർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തന്നെയും ഭർത്താവിനെയും എൻ.ഐ.എ, സി.ആർ.പി.എഫ് സംഘം ആക്രമിച്ചെന്ന് യുവതി പരാതിയിൽ ആരോപിച്ചു. തന്റെ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ ഇടപെട്ടെന്നും പരാതിയിൽ പറയുന്നു. ഐ.പി.സി 325, 34, 354, 354(ബി), 427, 448, 509 വകുപ്പുകളാണ് ഉദ്യോഗസ്ഥർക്കെതിരെ ചുമത്തിയത്.

അതിനിടെ, ഭൂപതി നഗറിൽ എൻ.ഐ.എ സംഘത്തിനുനേരെ കഴിഞ്ഞ ദിവസം ആക്രമണവും നടന്നിരുന്നു. സംഭവത്തിൽ ഇതുവരെ ഒരാളെയും അറസ്റ്റ് ചെയ്തിട്ടില്ല. 2022 ഡിസംബർ മൂന്നിന് ഭൂപതിനഗറിൽ മൂന്നു പേരുടെ മരണത്തിനിടയാക്കിയ സംഭവത്തിലാണ് എൻ.ഐ.എ അന്വേഷണം നടക്കുന്നത്. സംഭവത്തിൽ മൂന്ന് തൃണമൂൽ കോൺഗ്രസ് പ്രവർത്തകരെ കഴിഞ്ഞ ദിവസം ഏജൻസി അറസ്റ്റ് ചെയ്തിരുന്നു. ഇതിനു പിന്നാലെയായിരുന്നു ഉദ്യോഗസ്ഥ സംഘത്തിനുനേരെ ആക്രമണം നടന്നത്. സംഭവത്തിൽ ഒരു ഉദ്യോഗസ്ഥനു നിസ്സാരമായ പരിക്കേറ്റു. എൻ.ഐ.എ സംഘം സഞ്ചരിച്ച വാഹനത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ബോംബ് രാഷ്ട്രീയത്തിന് ആര് മൂക്ക് കയറിടും

അത്യന്തം ദൗർഭാഗ്യകരവുമായ ഒരു വാർത്തയാണ് പാനൂരിൽ നിന്ന് പുറത്ത് വന്നിരിക്കുന്നത്. ബോംബ് നിർമാണത്തിനിടെ സ്ഫോടനം നടക്കുകയും ഒരുയുവാവ് കൊല്ലപ്പെടുകയും മറ്റുള്ളവർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. മാധ്യമവാർത്തകൾ പ്രകാരം ബോംബ് നിർമാണത്തിലേർപ്പെട്ടവർ സിപിഎം പ്രവർത്തകരാണ്. പാനൂരടക്കമുള്ള പ്രദേശങ്ങളിൽ പ്രദേശങ്ങളിൽ ബോംബ് നിർമാണം നടക്കാൻ സാധ്യതയുണ്ടെന്ന് ഇന്റലിജൻസ് നൽകിയ റിപ്പോർട്ട് പൊലിസ് അവഗണിച്ചതിന്റെ ഫലം കൂടിയാണ് ഈ ദർഭാഗ്യകരമായ സംഭവം.

തെരഞ്ഞെടുപ്പ് അടുത്തിരിക്കെ ഇവർ നടത്തിയ ബോംബ് നിർമാണം എന്തിനായിരുന്നു എന്ന് അന്വേഷണ സംഘം കണ്ടെത്തേണ്ടതുണ്ട്

രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൽ യഥാസമയം നടപടിയെടുക്കാതിരുന്നവരുടെ പേരിൽ നടപടി സ്വീകരിക്കണം.നാട്ടിൽ അരക്കമവും അരാജകത്വവും സൃഷ്ടിക്കുന്നവർക്കെതിരെ യഥാസമയം നടപടിയെടുക്കാനായില്ലെങ്കിൽ ജനങ്ങൾക്ക് എങ്ങനെ സ്വൈര്യ ജീവിതം ഉറപ്പുവരുത്താനാകും എന്ന ചോദ്യം പ്രസക്തമാകുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ ഇവർ നടത്തിയ ബോംബ് നിർമാണം എന്തിനായിരുന്നു എന്ന് അന്വേഷണ സംഘം കണ്ടെത്തേണ്ടതുണ്ട്. ബോംബ് നിർമാണത്തിന് പിന്നിൽ പ്രേരണ ശക്തികളുണ്ടോ എന്നതും പരിശോധിക്കണം.

തെരഞ്ഞടുപ്പ് അടുത്തിരിക്കെ ബോംബ് നിർമാണം രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ പ്രയോഗിക്കാനായിരുന്നുവെന്ന് ഇതിനകം ആരോപണം ഉയർന്നിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ ദൗത്യം ജനങ്ങളെ സേവിക്കലാണ്. അതിന് രാഷ്ട്രീയ പാർട്ടികളിൽ ക്രിമിനൽ സ്വഭാവമുള്ളവരുടെ ആവശ്യമില്ല. ക്രിമിനൽ പശ്ചാത്തലമുള്ളവരെ രാഷ്ട്രീയ പാർട്ടിയക്കളിൽ അടുപ്പിക്കാതിരിക്കാൻ പ്രാദേശിക നേതാക്കൾ ജാഗ്രത പുലർത്തണം.

അക്രമരാഷ്ട്രീയം കൊണ്ട് ഒരുപാർട്ടിയും വളർന്നിട്ടില്ല. അക്രമം ജനാധിപത്യത്തിനും പരിഷ്കൃത സമൂഹത്തിനും എതിരാണ്. രാഷ്ട്രീയ പാർട്കൾ ഇപ്പോഴും അവരുടെ അണികളെ നേർവഴിയിൽ നയിക്കാൻ ഇനിയും സാധിച്ചിട്ടില്ലെന്നതിന് ഉദാഹരണമാണ് പാനൂരിലേത്. കൊലപാതകത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾ അനാഥരായിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. കേരളത്തെക്കുറിച്ച് മേന്മകൾ ഏറെയുണ്ടെങ്കിലും രാഷ്ട്രീയത്തിലെ അക്രമങ്ങളും കൊലപാതകങ്ങളും ഇപ്പോഴും കറുത്തപുള്ളികളായി അവശേഷിക്കുകയാണ്. അക്രമരാഷ്ട്രീയവും കൊലപാതക രാഷ്ട്രീയവും എന്നാണ് അവസാനിക്കുക. കൊലപാതകങ്ങളിൽ ഉന്നത നേതാക്കളോ അവരുടെ മക്കളോ ഉൾപ്പെടാറില്ല അവരെല്ലാം സുരക്ഷിത സ്ഥാനങ്ങളിൽ ജീവിക്കുന്നവരാണ്. എതിരാളികളെ ശത്രുക്കളായിക്കാണുന്ന മനോഭാവം അണികൾ തിരുത്തണം. എല്ലാത്തിലും നഷ്ടം പാവപ്പെട്ടവർക്ക് തന്നെയാണ്. എല്ലാരാഷ്ട്രീയ പാർട്ടികളും താഴെത്ത് മുതൽ ഇതിനെതിരെ വ്യാപകമായ ക്യാപയിൻ ഉയർത്തിക്കൊണ്ടുവരണം.

ഖുശ്ബു ബി.ജെ.പിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിന്ന് വിട്ടുനിൽക്കും; ജെ.പി നഡ്ഡക്ക് കത്തയച്ചു

ചെന്നൈ: ബി.ജെ.പിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിന്ന് പിന്മാറുന്നതായി അറിയിച്ച് നടി ഖുശ്ബു. ആരോഗ്യപ്രശ്നങ്ങൾ മൂലമാണ് പ്രചാരണ പ്രവർത്തനങ്ങളിൽനിന്ന് പിന്മാറുന്നതെന്നാണ് വിശദീകരണം. ഇക്കാര്യം ചൂണ്ടിക്കാട്ടി അവർ ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയ്ക്ക് കത്തയച്ചു.

2019ൽ ഡൽഹിയിൽ വെച്ചുണ്ടായ അപകടത്തിലെ പരിക്കിൽ നിന്നും ഇതുവരെ പൂർണ്ണമായി മുക്തയായിട്ടില്ലെന്നും ഇപ്പോൾ തുടർ ചികിത്സകളിലാണെന്നും ജെ.പി നഡ്ഡയ്ക്ക് അയച്ച കത്തിൽ ഖുശ്ബു പറഞ്ഞു. യാത്രകൾ ഒഴിവാക്കണമെന്നാണ് ഡോക്ടർമാരുടെ നിർദേശമെന്നും പ്രചാരണങ്ങളിൽ വിഷമമുണ്ടെന്നും ഖുശ്ബു കത്തിൽ ചൂണ്ടികാട്ടി.

നരേന്ദ്രമോദി മൂന്നാം തവണയും പ്രധാനമന്ത്രി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുമ്പോൾ സത്യാപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാനായി താൻ ഡൽഹിയിൽ എത്തുമെന്ന ശുഭപ്രതീക്ഷയും ഖുശ്ബു പങ്കുവെക്കുന്നു.

കോൺഗ്രസ് വിട്ട് ബി.ജെ.പിയിൽ എത്തിയതിന് പിന്നാലെ 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ചെന്നൈ തൗസൻഡ് ലൈറ്റ്സ് മണ്ഡലത്തിൽ എൻ.ഡി.എ സ്ഥാനാർഥിയായി ഖുശ്ബു മത്സരിച്ചിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് സൂചനകൾ ഉണ്ടായിരുന്നെങ്കിലും സീറ്റ് ലഭിച്ചില്ല.

പിന്നാലെ ബി.ജെ.പിയുടെ തമിഴ്നാട്ടിലെ ആദ്യഘട്ട പ്രചാരണ പ്രവർത്തനങ്ങളിൽ താരം പങ്കെടുത്തിരുന്നില്ല. പിന്നീട് പ്രധാനപ്പെട്ട ചില മണ്ഡലങ്ങളിൽ പ്രചാരണത്തിന് ഇറങ്ങുകയും ചെയ്തു. ഇതിനുപിന്നാലെയാണ് ഇപ്പോൾ പൂർണ്ണമായും പ്രചാരണ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതായി ഖുശ്ബു ബി.ജെ.പി ദേശീയ നേതൃത്വത്തെ അറിയിച്ചിരിക്കുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പ്: കോൺഗ്രസിന് ഇത്തവണ രാജസ്ഥാനിൽ പ്രതീക്ഷ

ജയ്പൂർ: കഴിഞ്ഞ പത്തുവർഷമായി ഒരു ലോക്സഭാംഗം പോലുമില്ലാത്ത കോൺഗ്രസിന് ഇത്തവണ രാജസ്ഥാനിൽ പ്രതീക്ഷയുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും വോട്ട് ശതമാനത്തിലെ മികച്ച പ്രകടനവും ചെറുകക്ഷികളുമായുള്ള കൂട്ടുകെട്ടും തുണയാകും എന്നാണ് പ്രതീക്ഷ.

2018ലെ നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം തുടർച്ചയായ രണ്ട് തോൽവികളുടെ ക്ഷീണത്തിലാണ് കോൺഗ്രസ്. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ സംപൂജ്യരായപ്പോൾ ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണം നഷ്ടപ്പെടുകയും ചെയ്തു. തോൽവിയിൽ നിന്ന് പാഠം ഉൾക്കൊണ്ട് അല്പം കരുതലോടെയാണ് ഇത്തവണ കോൺഗ്രസ് തെരഞ്ഞെടുപ്പ് ഗോദയിൽ ഇറങ്ങിയത്.ലോക് താന്ത്രിക് പാർട്ടിയെയും ഇടതുപക്ഷത്തെയും കൂടെക്കൂട്ടി. നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് വ്യത്യാസം ഒന്നര ശതമാനത്തിൽ കുറവ് മാത്രമാണ് എന്നുള്ളതും കോൺഗ്രസിന് ആത്മവിശ്വാസം നൽകുന്നു.

സീറ്റ് നിലനിർത്തുക എന്നത് ബി.ജെ.പിക്ക് വെല്ലുവിളിയാണ്. മുഖ്യമന്ത്രി സ്ഥാനം ലഭിക്കാതിരുന്ന വസുന്ധരാ രാജെ സിന്ധ്യ ഇപ്പോഴും ഇടഞ്ഞുനിൽക്കുകയാണ്. മന്ത്രിസഭയിൽ വേണ്ടത്ര പരിഗണന ലഭിക്കാത്ത ഗുജ്ജർ സമുദായവും പിണക്കത്തിലാണ്. ചുരുവിലെ സിറ്റിംഗ് എം.പിയായ രാഹുൽ കസ്വാൻ കോൺഗ്രസിലേക്ക് പോയതും വെല്ലുവിളിയാണ്.

രണ്ട് തവണ എംപിയായ രാഹുൽ കസ്വാന്, ലോക്സഭാ തെരഞ്ഞെടുപ്പിൽ ടിക്കറ്റ് നിഷേധിച്ചിരുന്നു. പിന്നാലെയാണ് കോൺ?ഗ്രസിൽ ചേർന്നത്. രാഷ്ട്രീയ കാരണങ്ങളാൽ ബി.ജെ.പിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പാർലമെന്റ് അംഗത്വത്തിൽ നിന്നും രാജി വെക്കുന്നതായും അദ്ദേഹം അറിയിച്ചിരുന്നു.

ഒരു ഇസ്രായേലി എംബസിയും ഇനി സുരക്ഷിതമായിരിക്കില്ല; ഇസ്രായേലിന് വീണ്ടും ഇറാൻറെ താക്കീത്

തെൽ അവിവ്: കെയ്റോയിൽ നടക്കുന്ന ചർച്ചയിൽ ഇരുപക്ഷത്തിനുമിടയിൽ വെടിനിർത്തൽ നടപ്പാക്കാൻ അമേരിക്കയുടെ നേതൃത്വത്തിൽ തിരക്കിട്ട നീക്കം. യു.എസ് നേതൃത്വം പ്രത്യേക വെടിനിർത്തൽ നിർദേശം മുന്നോട്ടുവെക്കുമെന്നും ഇസ്രായേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ദക്ഷിണ ഗസ്സയിൽ നിന്ന് ഭൂരിഭാഗം സൈനികരെയും പിൻവലിച്ചിരിക്കുകയാണ് ഇസ്രായേൽ. നെതന്യാഹുവിനെതിരെ പ്രതിഷേധം ശക്തമായിരിക്കുകയാണ്. കെയ്റോയിൽ ഇന്നാരംഭിക്കുന്ന വെടിനിർത്തൽ ചർച്ചകളിൽ പ്രതീക്ഷ ശക്തമാണ്. ഇസ്രായേൽ സംഘം ഇന്ന് കെയ്റോയിലെത്തും. ചർച്ചകൾക്കായി ഹമാസ് സംഘത്തിനു പുറമെ സി.ഐ.എ ഡയറക്ടർ ബിൽ ബേൺസും ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽറഹ്മാൻ ബിൻ ജാസിം അൽതാനിയും കെയ്റോയിലെത്തി. കടുത്ത നിലപാടിൽ നിന്ന് ഇസ്രായേൽ അയഞ്ഞതായി യു.എസ് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ബന്ദികളുടെ മോചനത്തിന് ചില വിട്ടുവീഴ്ചകൾക്ക് തയാറാണെന്നും എന്നാൽ ഹമാസിൻറെ ഉപാധികൾ മുഴുവൻ അംഗീകരിക്കാൻ കഴിയില്ലെന്നും നെതന്യാഹു പറഞ്ഞു. ഇന്നലെ ചേർന്ന ഇസ്രായേൽ യുദ്ധകാര്യ മന്ത്രിസഭയാണ് വെടിനിർത്തൽ കരാർ ചർച്ചയുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചത്. അതിനിടെ, ഇസ്രായേൽ തടവിലുള്ള ഫലസ്തീൻ പോരാളി വാലിദ് ദഖ്ഖ കൊല്ലപ്പെട്ടു. മധ്യസ്ഥ ചർച്ച അട്ടിമറിക്കാൻ ഇസ്രായേൽ ദഖ്ഖയെ ജയിലിൽ കൊലപ്പെടുത്തുകയായിരുന്നുവെന്ന് ഹമാസ് ആരോപിച്ചു. സ്വാഭാവിക മരണം മാത്രമെന്ന്ഇസ്രായേൽ പറഞ്ഞു.കെയ്റോ ചർച്ചക്ക് തൊട്ടുമുമ്പായി തെക്കൻ ഗസ്സയിൽനിന്ന് കൂടുതൽ കരസേനയെ ഇസ്രായേൽ പിൻവലിച്ചു. 98ാം ഡിവിഷന്റെ മൂന്നു ബ്രിഗേഡുകളെയാണ് പിൻവലിച്ചത്. നിലവിൽ ഒരു ഡിവിഷൻ മാത്രമാണ് ഗസ്സയിൽ അവശേഷിക്കുന്നത്. അടുത്തഘട്ട സൈനിക നീക്കവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായാണ് പിന്മാറ്റമെന്നാണ് ഐ.ഡി.എഫ് നൽകുന്ന വിശദീകരണം. സഖ്യകക്ഷിയായ അമേരിക്ക സമ്മർദം ചെലുത്തിയതിൻറെ ഭാഗമായാണിതെന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ. റഫയിൽ കരയുദ്ധം തുടങ്ങുന്നതിൻറെ മുന്നോടിയെന്ന നിലക്കും ഈ നീക്കത്തെ നോക്കികാണുന്നവരുണ്ട് ഗസ്സയുടെ വിവിധ ഭാഗങ്ങളിൽ ഇസ്രായേൽ ആക്രമണം തുടരുകയാണ് ഇതുവരെ കൊല്ലപ്പെട്ടവരുടെ എണ്ണം 33,175 ആയി. 75,886 പേർക്ക് പരിക്കേറ്റു.

ഇറാനിൽ നിന്ന് ഏതു സമയവും പ്രത്യാക്രമണം ഉണ്ടാകുമെന്ന ആശങ്കയിൽ ഏതൊരു സാഹചര്യവും നേരിടാൻ രാജ്യം തയാറാണെന്ന് ഇസ്രായേൽ സൈനിക നേതൃത്വം വ്യക്തമാക്കി.ഒരു ഇസ്രായേലി എംബസിയും ഇനി സുരക്ഷിതമായിരിക്കില്ലെന്ന് ഇറാൻറെ പരമോന്നത നേതാവിൻറെ മുതിർന്ന ഉപദേഷ്ടാവ് യഹ്യ റഹീം സഫാവി ഇന്നലെ വ്യക്തമാക്കിയിരുന്നു.

ചെങ്കടലിൽ രണ്ട് ബ്രിട്ടീഷ് കപ്പലുകൾക്ക് നേരെ ആക്രമണം നടത്തിയതായി ഹൂതികൾ അറിയിച്ചു. ഇതിനുള്ള മറുപടിയെന്നോണം ഹൂതി പ്രദേശങ്ങളിൽ അമേരിക്കയും ബ്രിട്ടനും പ്രത്യാക്രമണം നടത്തി.

ഭാര്യയെ കൊന്ന് 200 കഷണമാക്കി നദിയിൽ തള്ളി 28കാരൻ; ക്രൂരകൃത്യത്തിൽ നടുങ്ങി ബ്രിട്ടൻ

ലണ്ടൻ: ബ്രിട്ടനിൽ 26കാരിയുടെ കൊലപാതകത്തിൽ ഒടുവിൽ വഴിത്തിരിവ്. യുവതിയെ കൊലപ്പെടുത്തിയതു താൻ തന്നെയാണെന്നു സമ്മതിച്ച് 28കാരനായ ഭർത്താവ് ക്രൂരമായ കൊലപാതകത്തിന്റെ നടുക്കുന്ന വിവരങ്ങളാണു പുറത്തു വരുന്നത്.

2023 മാർച്ചിലാണ് നിക്കോളാസ് നെറ്റ്സൺ എന്ന 28കാരൻ ഭാര്യ ഹോളി ബ്രാംലിയെ(26) ക്രൂരമായി കൊലപ്പെടുത്തിയത്. യുവതിയെ കുത്തിക്കൊന്ന ശേഷം 200ലേറെ കഷണങ്ങളാക്കി വീടിന്റെ അടുക്കളയിൽ ഒരാഴ്ചയോളം സൂക്ഷിച്ചു. ഒരാഴ്ചയ്ക്കുശേഷം സുഹൃത്തിന്റെ സഹായത്തോടെ ശരീരാവയവങ്ങൾ നദിയിൽ ഉപേക്ഷിക്കുകയായിരുന്നു. ഒരു വർഷത്തോളം പൊലീസിന്റെ ചോദ്യംചെയ്യലിൽ പിടിനൽകാതിരുന്ന യുവാവ് കഴിഞ്ഞ ദിവസമാണ് കുറ്റസമ്മതം നടത്തിയത്.

കിടപ്പുമുറിയിൽ വച്ചായിരുന്നു ക്രൂരമായ കൊലപാതകം നടത്തിയത്. ബ്രാംലിയെ നിരവധി തവണ കത്തികൊണ്ട് കുത്തിയായിരുന്നു കൊലപാതകം. തുടർന്ന് മൃതദേഹം കുളിമുറിയിലെത്തിച്ച് തുണ്ടതുണ്ടമാക്കി പ്ലാസ്റ്റിക് ബാഗിലാക്കി. ശേഷം അടുക്കളയിൽ ഭക്ഷണസാധനങ്ങൾ സൂക്ഷിക്കാനായി ഉപയോഗിക്കുന്ന ലാർഡറിൽ ഒളിപ്പിച്ചുവയ്ക്കുകയായിരുന്നു. ഒരാഴ്ചയ്ക്കുശേഷം സുഹൃത്തിന്റെ സഹായത്തോടെ ശരീരഭാഗങ്ങൾ അടുത്തുള്ള വിഥം നദിയിൽ തള്ളുകയായിരുന്നു. വെറും 50 പൗണ്ട്(ഏകദേശം 5,000 രൂപ) ആണ് ഇതിനായി ഇയാൾ സുഹൃത്തിനു നൽകിയതെന്ന് വെളിപ്പെടുത്തലിൽ പറയുന്നു.

തൊട്ടടുത്ത ദിവസം നദിയിലൂടെ ഒഴുകുന്ന പ്ലാസ്റ്റിക് ബാഗുകൾ നാട്ടുകാർ കണ്ടെത്തി. ഇതിൽനിന്ന് കൈയും യുവതിയുടെ തലയുമാണു കണ്ടെടുത്തത്. തുടർന്ന് മുങ്ങൽ വിദഗ്ധർ നടത്തിയ തിരച്ചിലിൽ കൂടുതൽ ബാഗുകൾ കണ്ടെത്തി. ആകെ 224 ശരീരഭാഗങ്ങളാണ് ഇവയിലുണ്ടായിരുന്നത്. സംഭവത്തിൽ നെറ്റ്സണിനെ പൊലീസ് പലതവണ ചോദ്യംചെയ്തെങ്കിലും ഒരിക്കൽപോലും ഇയാൾ കുറ്റം സമ്മതിച്ചിരുന്നില്ല. സ്വന്തം ഭാര്യയെ കൊന്നാൽ തനിക്ക് എന്താണു കിട്ടാൻ പോകുന്നതെന്നായിരുന്നു ഇയാളുടെ വാദം.

പ്രതിക്കെതിരെ ഗുരുതരമായ ആരോപണങ്ങളാണ് യുവതിയുടെ കുടുംബം നടത്തിയത്. ബ്രാംലിയും നെറ്റ്സണും തമ്മിലുള്ള വിവാഹം കഴിഞ്ഞിട്ട് ഒന്നര വർഷമേ ആയിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ, മാസങ്ങളായി മകളെ കാണാൻ തങ്ങളെ അനുവദിക്കുകയോ വീട്ടിലേക്ക് വിടുകയോ ചെയ്തിരുന്നില്ലെന്ന് ബ്രാംലിയുടെ മാതാവ് കോടതിയിൽ വെളിപ്പെടുത്തി. ഇരുവരും വേർപിരിയാനിരിക്കെയാണു ക്രൂരകൃത്യം നടക്കുന്നത്.

കൊലപാതകത്തിൽ കഴിഞ്ഞ ദിവസം ബ്രിട്ടീഷ് കോടതി നെറ്റ്സണിനെ ജീവപര്യന്തം തടവിനു ശിക്ഷിച്ചു. ഓട്ടിസം സ്പെക്ട്രം ഡിസോർഡറിന് ചികിത്സ തുടരുന്നയാളാണ് നിക്കോളാസ് നെറ്റ്സണെന്നും ഇതാണു കൃത്യത്തിലേക്കു നയിച്ചതെന്നുമാണ് ഇയാളുടെ അഭിഭാഷകൻ കോടതിയിൽ വാദിച്ചത്.

വിമാനത്തിൽ പുകവലി, സീറ്റിൽ മലവിസർജനം; ഫ്രഞ്ച് പൗരൻ അറസ്റ്റിൽ

മുംബൈ: വിമാനത്തിൽ പുകവലിക്കുകയും സീറ്റിൽ മലവിസർജനം നടത്തുകയും ചെയ്ത ഫ്രഞ്ച് പൗരൻ അറസ്റ്റിൽ. വിസ്താരയുടെ പാരിസ്-മുംബൈ ഫ്ളൈറ്റിലാണ് 36കാരനായ ഗൗട്ടിയർ ഹെൻറി ബ്രോക്സിന്റെ മോശം പെരുമാറ്റം. ഇയാളെ സുരക്ഷാ ഉദ്യോഗസ്ഥർ മുംബൈയിലെ സഹാർ പൊലീസിന് കൈമാറി.

കഴിഞ്ഞ ദിവസം ഫ്രഞ്ച് തലസ്ഥാനമായ പാരിസിൽനിന്ന് മുംബൈയിലേക്ക് എത്തിയ വിസ്താരയു.കെ 024 വിമാനത്തിലാണു സംഭവം. യാത്രയ്ക്കിടയിൽ സീറ്റിലിരുന്ന് പുക വലിക്കുകയായിരുന്നു ആദ്യം ഗൗട്ടിയർ ചെയ്തത്. ഇതിൽ യാത്രക്കാർ പരാതി പറയുകയും വിമാനത്തിലെ ജീവനക്കാർ മുന്നറിയിപ്പ് നൽകുകയും ചെയ്തങ്കിലും യുവാവിന് ഒരു കൂസലുമുണ്ടായിരുന്നില്ല. ഇതിനിടയിലാണ് സീറ്റിൽ മലവിസർജനം നടത്തുക കൂടി ചെയ്തത്. ഇതോടെ മുംബൈയിലെ ഛത്രപതി ശിവാജി വിമാനത്താവളത്തിലെ സുരക്ഷാ വിഭാഗത്തിനു സംഭവത്തെക്കുറിച്ച് സന്ദേശം അയയ്ക്കുകയായിരുന്നു.

രാവിലെ 9.15ഓടെ വിമാനത്താവളത്തിൽ ലാൻഡ് ചെയ്തതിനു പിന്നാലെ പ്രതിയെ വിസ്താര സെക്യൂരിറ്റി സൂപ്പർവൈസർ സഹാർ പൊലീസിനു കൈമാറി. വിമാനയാത്രയ്ക്കിടയിലെ മോശം പെരുമാറ്റത്തിന് ഇയാൾക്കെതിരെ കേസെടു

കളിമറന്ന് വീണ്ടും ബ്ലാസ്റ്റേഴ്സ്; നോർത്ത് ഈസ്റ്റിനോടും തോൽവി

ഗുവഹാത്തി: ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ വീണ്ടും കളിമറന്ന് ബ്ലാസ്റ്റേഴ്സ്. പോയന്റ് പട്ടികയിൽ അവസാന സ്ഥാനത്തുള്ള നോർത്ത് ഈസ്റ്റ് യുണൈറ്റഡാണ് എതിരില്ലാത്ത രണ്ട് ഗോളിന് തകർത്തത്. നോർത്ത് ഈസ്റ്റ് തട്ടകത്തിൽ നടന്ന മത്സരത്തിൽ നെസ്തോർ ആൽബിയാക് (84), മലയാളിതാരം എംഎസ് ജിതിൻ (90+1) എന്നിവർ ആതിഥേയർക്കായി വലകുലുക്കി. വിജയത്തോടെ പ്ലേ ഓഫ് സാധ്യതകൾ നോർത്ത് ഈസ്റ്റ് നിലനിർത്തി. ഒടുവിൽ കളിച്ച അഞ്ച് മത്സരങ്ങളിൽ ബ്ലാസ്റ്റേഴ്സിന്റെ നാലാം തോൽവിയാണിത്.

നേരത്തെതന്നെ പ്ലേഓഫ് ഉറച്ചതിനാൽ പ്രധാന താരങ്ങളില്ലാതെയാണ് കൊമ്പൻമാർ എവേ മാച്ചിനിറങ്ങിയത്. ആദ്യ പകുതിയിൽ ഇരു ടീമുകളും മികച്ച മുന്നേറ്റവുമായി കളം നിറഞ്ഞെങ്കിലും ഗോൾ അകന്നുനിന്നു. ഒടുവിൽ രണ്ടാം പകുതിയുടെ അവസാന പത്തുമിനിറ്റിൽ അപ്രതീക്ഷിത കുതിപ്പ് നടത്തി നോർത്ത് ഈസ്റ്റ് സീസണിലെ അഞ്ചാം ജയം സ്വന്തമാക്കുകയായിരുന്നു. നിലവിൽ ബ്ലാസ്റ്റേഴ്സ് 21 കളിയിൽ ഒൻപത് ജയവുമായി അഞ്ചാം സ്ഥാനത്താണ്. പോയന്റ് ടേബിളിൽ അവസാന സ്ഥാനത്തുള്ള ഹൈദരാബാദ് എഫ്സിയുമായാണ് ബ്ലാസ്റ്റേഴ്സിന്റെ അവസാന ലീഗ് മത്സരം.

ഇഞ്ചുറി ടൈമിൽ ഷെഫീൽഡിന് എതിരെ വിജയം കൈവിട്ട് ചെൽസി

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ചെൽസിക്ക് നിരാശ. ഇന്ന് ഇഞ്ചുറി ടൈമിൽ നേടിയ ഗോളിൽ ഷെഫീൽഡ് യുണൈറ്റഡ് ചെൽസിയെ സമനിലയിൽ പിടിച്ചു. 2-2 എന്ന നിലയിലാണ് മത്സരം അവസാനിച്ചത്. 94 മിനുട്ട് വരെ 2-ന് മുന്നിട്ട് നിന്ന് ശേഷമായിരുന്നു സമനില എന്നത് ചെൽസിക്ക് വലിയ നിരാശ നൽകും.

മത്സരത്തിന്റെ 11ആം മിനുട്ടിൽ ഡിഫൻഡർ തിയാഗോ സിൽവ ആണ് ചെൽസിക്ക് ലീഡ് നൽകിയത്. 32ആം മിനുട്ടിൽ ജയ്ദൻ ബോഗ്ലേയിലൂടെ ഷെഫീൽഡ് സമനില കണ്ടെത്തി.

66ആം മിനുട്ട് വരെ ഈ സമനില തുടർന്നു. 66ആം മിനുട്ടിൽ നോനി മദുവേക ചെൽസിക്ക് ലീഡ് നൽകി. ഈ ഗോൾ വിജയഗോളായി മാറും എന്നായിരുന്നു കരുതിയത് എന്നാൽ 94ആം മിനുട്ടിൽ ഒരു സെറ്റ് പീസിൽ നിന്ന് ഷെഫീൽഡ് സമനില കണ്ടെത്തി. ഒലി മക്ബേർണി ആണ് സമനില ഗോൾ നേടിയത്

ഈ സമനിലയോടെ ചെൽസി 44 പോയിന്റുമായി ലീഗിൽ ഒമ്പതാം സ്ഥാനത്ത് നിൽക്കുകയാണ്. ഷെഫീൽഡ് 16 പോയിന്റുമായി ലീഗിൽ അവസാന സ്ഥാനത്ത് നിൽക്കുന്നു.

കൈകൊടുത്ത് യുണൈറ്റഡും ലിവർപൂളും; ആഴ്സനൽ ഒന്നാം സ്ഥാനത്ത്



ലണ്ടൻ: പ്രീമിയർലീഗ് സൺഡേ ത്രില്ലറിൽ ലിവർപൂളിനെ സമനിലയിൽ തളച്ച് മാഞ്ചസ്റ്റർ യുണൈറ്റഡ്. ടൈറ്റിൽ പോരാട്ടത്തിൽ മുന്നിലെത്താൻ വിജയം മാത്രം ലക്ഷ്യമിട്ടിറങ്ങിയ ചെമ്പട ആദ്യ പകുതിയിൽ ഒരുഗോളിന് മുന്നിൽ നിന്ന ശേഷമാണ് (22) കൈകൊടുത്ത് പിരിഞ്ഞത്.

യുണൈറ്റഡിനായി ബ്രൂണോ ഫെർണാണ്ടസും (50), കോബി മൈനുവും (67) ലക്ഷ്യം കണ്ടു. ലൂയിസ് ഡയസ്(23), മുഹമ്മദ് സലാഹ്(84) ലിവർപൂളിനായി ഗോൾ നേടി. യുണൈറ്റഡ് തട്ടകമായ ഓൾഡ് ട്രാഫോർഡിൽ സ്റ്റാർട്ടിങ് വിസിൽ മുതൽ അവസാന സെക്കന്റുവരെ നീണ്ടുനിന്ന ആവേശപോരിൽ ഇരു ടീമുകളും മികച്ച അവസരങ്ങൾ നഷ്ടപ്പെടുത്തി.

ജയം നഷ്ടമായതോടെ ലിവർപൂളിന് രണ്ടാംസ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഒന്നാമതുള്ള ആഴ്സനലുമായി (71)പോയന്റിൽ തുല്യമാണെങ്കിലും ഗോൾ വ്യത്യാസത്തിൽ ഗണ്ണേഴ്സ് ഒന്നാം സ്ഥാനത്തെത്തി. 70 പോയന്റുള്ള മാഞ്ചസ്റ്റർ സിറ്റിയാണ് മൂന്നാമത്.

ചുവന്നചെകുത്താൻമാർക്കെതിരെ കളിയിലുടനീളം മികച്ചുനിന്നത് ചെമ്പടയായിരുന്നു. 28 തവണയാണ് ലിവർപൂൾ യുണൈറ്റഡിനെതിരെ ഷോട്ടുതിർത്തത്. ബോൾ പൊസിഷനിലും മുന്നിലായിരുന്നു. മധ്യനിരയിൽ കൃത്യമായ കോർഡിനേഷനില്ലാതെ കളിച്ച യുണൈറ്റഡ് ആദ്യ പകുതിയിൽ തീർത്തും നിറംമങ്ങി. കോർണർ കിക്കിൽ നിന്നാണ് സന്ദർശകരുടെ ആദ്യ ഗോളിന് വഴിയൊരുങ്ങിയത്. 23ാം മിനിറ്റിൽ റോബെർട്സൺ എടുത്ത കോർണർ കൃത്യമായി സ്വീകരിച്ച ഡാർവിൻ ന്യൂനസ് ലൂയിസ് ഡയസിന് മറിച്ചുനൽകി. ഗോൾകീപ്പർ ഒനാനെയുടെ കൈയിൽ ഉരസി പന്ത് വലയിൽ. ആദ്യ പകുതിയിൽ വീണ്ടും അവസരങ്ങൾ ലഭിച്ചെങ്കിലും ലിവർപൂളിന് ലീഡ് ഉയർത്താനായില്ല.

രണ്ടാം പകുതിയിലും കടിഞ്ഞാൺ ലിവർപൂളിന്റെ കൈയിലായിരുന്നു. എന്നാൽ കളിയുടെ ഗതിക്ക് പ്രതികൂലമായി പ്രതിരോധ പിഴവിൽ യുണൈറ്റഡ് സമനില പിടിച്ചു. ലിവർപൂൾ താരം ഫ്രാൻസ് വിർജിൻ വാൻഡക്കിനെ ലക്ഷ്യമാക്കി നൽകിയ സ്പേയർപാസ് പിടിച്ചെടുത്ത് യുണൈറ്റഡ് ക്യാപ്റ്റൻ ബ്രൂണോ ഫെർണാണ്ടസ് അധ്വാൻസ് ചെയ്തുനിന്ന ഗോൾകീപ്പറുടെ മുകളിലൂടെ ഉജ്ജ്വലമായി ഫിനിഷ് ചെയ്തു.

സമനില പിടിച്ചതോടെ പുതിയ ഊർജ്ജത്തിൽ കളിച്ച ചെകുത്താൻമാർ ലിവർപൂൾ പ്രതിരോധത്തെ നിരന്തരം വിറപ്പിച്ചു. അവസാന അമ്മണിക്കൂറിൽ നിർണായക മാറ്റങ്ങൾവരുത്തി ടെൻ ഹാഗും യുർഗൻ ക്ലോപും തന്ത്രങ്ങൾമാറ്റിപരീക്ഷിച്ചു. 67ാം മിനിറ്റിൽ ചെമ്പടയെ ഞെട്ടിച്ച് യുണൈറ്റഡ് വീണ്ടും പ്രഹരമേൽപ്പിച്ചു. കൗമാരതാരം കോബി മൈനുവാണ് അത്യുഗ്രൻ ഗോൾ നേടിയത്. കസമിറോയിൽ നിന്ന് ലഭിച്ച പന്ത് സ്വീകരിച്ച് മൈനു രണ്ട് പ്രതിരോധ താരങ്ങൾക്കിടയിലൂടെ പന്ത് ഫിനിഷ് ചെയ്തു.(21).

ലീഡ് നേടിയതോടെ ഓൾഡ് ട്രാഫോർഡ് പൊട്ടിത്തെറിച്ചു. തൊട്ടുപിന്നാലെ എൻഡോയെ പിൻവലിച്ച് ഹാവി എലിയറ്റിനെ ക്ലോപ്പ് കളത്തിലിറക്കി.

മറുവശത്ത് ഗർണാചോയെ പിൻവലിച്ച് സോഫിയാൻ അമ്രബാതിനെ കൊണ്ടുവന്ന് പ്രതിരോധം ശക്തമാക്കി. ഒടുവിൽ 84ാം മിനിറ്റിൽ പെനാൽറ്റിയിലൂടെ ലിവർപൂൾ സമനില പിടിച്ചു(22). കിക്കെടുത്ത മുഹമ്മദ് സലാഹ് അനായാസം പന്ത് വലയിലാക്കി.

അവസാന മിനിറ്റിൽ ഗോൾനേടാനായി ഇരുടീമുകളും ആക്രമണ പ്രത്യാക്രമണവുമായി കളംനിറഞ്ഞെങ്കിലും നിരാശയായിരുന്നുഫലം.

ലഖ്നൗവിന് മുന്നിൽ തകർന്നടിഞ്ഞ് ഗുജറാത്ത്

ലഖ്നൗ: ശുഭ്മാൻ ഗില്ലിന്റെ ഗുജറാത്ത് ടൈറ്റൻസിനുമേൽ കെ.എൽ. രാഹുലിന്റെ ലഖ്നൗ ഭീമന്മാർ ആദ്യം ബാറ്റുകൊണ്ടും പിന്നീട് പന്തുകൊണ്ടും നിറഞ്ഞാടി. ലഖ്നൗവിന് മുൻപിൽ നിശ്ചിത ഓവർ പൂർത്തിയാവുംവരെ പിടിച്ചുനിൽക്കാൻ പോലും ഗുജറാത്തിന് കഴിഞ്ഞില്ല. ഫലത്തിൽ ടൈറ്റൻസിനെതിരേ ജയന്റ്സിന് 33 റൺസിന്റെ ജയം. സ്കോർ: ലഖ്നൗ- 163/5 (20 ഓവർ). ഗുജറാത്ത്- 130/10 (18.5 ഓവർ).

യഷ് ഠാക്കൂറിന്റെ അഞ്ചു വിക്കറ്റ് പ്രഹരമാണ് ഗുജറാത്തിനെ മുറിവേൽപ്പിച്ചത്. 3.5 ഓവറിൽ ഒരു മെയ്ഡനടക്കം 30 റൺസ് വിട്ടുനൽകിയാണ് ഠാക്കൂർ അഞ്ച് വിക്കറ്റ് നേട്ടം കൊയ്തത്. നാലോവറിൽ 11 റൺസ് മാത്രം വിട്ടുകൊടുത്ത് ക്രുണാൽ പാണ്ഡ്യ മൂന്നുപേരെയും മടക്കി. കൂടാതെ മാർക്കസ് സ്റ്റോയ്നിസിന്റെ അർധ സെഞ്ചുറി കൂടി ചേർന്നപ്പോൾ കളി ലഖ്നൗവിനൊപ്പം നിന്നു.

ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ലഖ്നൗ നിശ്ചിത 20 ഓവറിൽ അഞ്ചുവിക്കറ്റ് നഷ്ടത്തിൽ 163 റൺസെടുത്തു. 43 പന്തുകളിൽനിന്ന് 58 റൺസ് നേടിയ മാർക്കസ് സ്റ്റോയിനിസാണ് ലഖ്നൗ നിരയിലെ ടോപ് സ്കോറർ. ലഖ്നൗവിന് ആദ്യ മൂന്നോവറുകളിൽത്തന്നെ രണ്ട് വിക്കറ്റുകൾ നഷ്ടമായി. ക്വിന്റൺ ഡി കോക്കും (6) ദേവ്ദത്ത് പടിക്കലും (7) ആണ് വിക്കറ്റ് കളഞ്ഞത്.

ആദ്യ ഓവർ എറിഞ്ഞ ഉമേഷ് യാദവിന്റെ രണ്ടാം പന്ത് സിക്സിനു പറത്തിയ ഡി കോക്ക്, അതേ ഓവറിലെ നാലാം പന്തിൽ നൂർ അഹ്മദിന് ക്യാച്ച് നൽകി മടങ്ങുകയായിരുന്നു. തന്റെ രണ്ടാം ഓവർ എറിയാൻ എത്തിയ ഉമേഷ് യാദവ് ദേവ്ദത്ത് പടിക്കലിനെയും മടക്കി. വിജയ് ശങ്കറിന്റെ ക്യാച്ചിലാണ് പുറത്തായത്. സീസണിലെ കഴിഞ്ഞ നാല് കളികളിൽ ഒന്നിൽപ്പോലും രണ്ടക്കം തികയ്ക്കാൻ പടിക്കലിനായില്ല.രണ്ട് വിക്കറ്റ് നഷ്ടത്തിൽ 47 എന്ന നിലയിൽ ലഖ്നൗ തങ്ങളുടെ പവർപ്ലേ പൂർത്തിയാക്കി. ക്യാപ്റ്റൻ കെ.എൽ. രാഹുലും മാർക്കസ് സ്റ്റോയ്നിസും ചേർന്ന് മൂന്നാം വിക്കറ്റിൽ 73 റൺസിന്റെ കൂട്ടുകെട്ടുയർത്തി. 13-ാം ഓവറിൽ ദർശൻ നാൽക്കണ്ടെയുടെ പന്തിൽ കെ.എൽ. രാഹുൽ രാഹുൽ തെവാട്ടിയക്ക് ക്യാച്ച് നൽകി പുറത്തായി-33 (31).

ദർശൻ എറിഞ്ഞ അടുത്ത ഓവറിൽ സ്റ്റോയിനിസും മടങ്ങി. ശരത് ബി.ആറിന് ക്യാച്ച് നൽകുകയായിരുന്നു. രണ്ട് സിക്സും നാല് ഫോറും സഹിതമാണ് സ്റ്റോയ്നിസിന്റെ 58 റൺസ്. രണ്ട് സിക്സുകളും നേടിയത് സ്റ്റോയ്നിസിന്റെ അതേ ഓവറിലാണ്. പത്താൻ പതാം ഓവറിൽ ആയുഷ് ബദോനിയും പുറത്തായി-20 (11). നിക്കോളാസ് പുരാനും (22 പന്തിൽ 32) ക്രുണാൽ പാണ്ഡ്യയും (2) ആയിരുന്നു നിശ്ചിത ഓവർ അവസാനിക്കുമ്പോൾ ക്രീസിൽ. ഗുജറാത്തിനായി ദർശൻ നാൽക്കണ്ടെ, ഉമേഷ് യാദവ് എന്നിവർ രണ്ട് വീതം വിക്കറ്റ് വീഴ്ത്തി.

സ്പാനിഷ് കോപ്പ ഡെൽ റേ കിരീടം അത്ല്റ്റിക്കോ ബിൽബാവോയ്ക്ക്

മഡ്രിഡ്: ആറു ഫൈനലുകളിലെ തുടർതോൽവികൾക്കുശേഷം അത്ല്റ്റിക്കോ ബിൽബാവോ സ്പാനിഷ് കോപ്പ ഡെൽ റേ കിരീടമുയർത്തി. പെനാൽട്ടി ഷൂട്ടൗട്ടിലേക്കു നീണ്ട ഫൈനലിൽ റയോ മയ്യോർക്കയെ തോൽപ്പിച്ചു (42). നിശ്ചിതസമയത്ത് ഇരുടീമുകളും 1-1 ന് തുല്യതപാലിച്ചു. നിശ്ചിത സമയത്ത് ബിൽബാവോക്കായി ഒഹ്യാൻ സാൻസെറ്റും (50) മയ്യോർക്കയ്ക്കായി ഡാനി റോഡ്രിഗസും (21) ഗോൾ നേടി.

ഷൂട്ടൗട്ടിൽ അത്ല്റ്റിക് ബിൽബാവോ തരങ്ങൾ നാല് കിക്കും വലയിലെത്തിച്ചപ്പോൾ മയ്യോർക്കയുടെ രണ്ടു കിക്കുകൾ പാഴായി. ബിൽബാവോയുടെ 24-ാം കിരീടനേട്ടമാണിത്. 31 കിരീടമുള്ള എഫ്.സി. ബാഴ്സലോണ മാത്രമാണ് മുന്നിലുള്ളത്. റയൽ മഡ്രിഡിന് 20 കിരീടമുണ്ട്.

1983-84 സീസണിനു ശേഷം ആദ്യമായാണ് ബിൽബാവോ ചാമ്പ്യരാകുന്നത്. അതിനുശേഷം ടീം കളിച്ച ആറു ഫൈനലുകളിലും തോറ്റു. എണസ്റ്റോ വെൽവർദെ പരിശീലിപ്പിച്ച ടീം സെമിയിൽ അത്ല്റ്റിക്കോ മഡ്രിഡിനെയും ക്വാർട്ടർഫൈനലിൽ ബാഴ്സയെയും തോൽപ്പിച്ചാണ് മുന്നേറിയത്. ടൂർണമെന്റിൽ ആറുഗോളുമായി ടോപ് സ്കോറർ പട്ടികയിലുള്ള എയ്ഷർ മൊളിനയാണ് ബിൽബാവോയുടെ കുതിപ്പിന് ചുക്കാൻ പിടിച്ചത്.

റൺമല കയറാനാവാതെ ഡൽഹി വീണു, മുംബൈക്ക് സീസണിലെ ആദ്യ ജയം

മുംബൈ: ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനെ 29 റൺസിന് വീഴ്ത്തി മുംബൈ ഇന്ത്യൻസിന് സീസണിലെ ആദ്യ ജയം. മുംബൈ ഉയർത്തിയ 235 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹിക്കായി 25 പന്തിൽ 71 റൺസടിച്ച ട്രെസ്റ്റൻ സ്റ്റബ്സും 40 പന്തിൽ 60 റൺസടിച്ച പൃഥ്വി ഷായും പൊരുതി നോക്കിയെങ്കിലും 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 205 റൺസെടുക്കാനെ കഴിഞ്ഞുള്ളു. സ്കോർ മുംബൈ ഇന്ത്യൻസ് 20 ഓവറിൽ 234-5, ഡൽഹി ക്യാപിറ്റൽസ് 20 ഓവറിൽ 205-8. മുംബൈക്കായി ജെറാൾഡ് കോയെറ്റ്സീ നാലു വിക്കറ്റെടുത്തപ്പോൺ ജസ്പ്രീത് ബുമ്ര രണ്ട് വിക്കറ്റെടുത്തു.

അവസാന ഓവറിൽ ഡൽഹിക്ക് ജയിക്കാൻ 34 റൺസായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ അതുവരെ തകർത്തടിച്ച സ്റ്റബ്സിന് അവസാന ഓവറിൽ ഒറ്റ പന്തുപോലും നേരിടാൻ കഴിയാതിരുന്നതോടെ ഡൽഹി തോൽവി വഴങ്ങി. ഡൽഹിയുടെ ആൻറിച്ച് നോർക്യ എറിഞ്ഞ മുംബൈ ഇന്നിംഗ്സിലെ അവസാന ഓവറിൽ റൊമാരിയോ ഷെപ്പേർഡ് 32 റൺസടിച്ചത് മത്സരഫലത്തിൽ നിർണായകമായി. സീസണിൽ മുംബൈയുടെ ആദ്യ ജയവും ഡൽഹിയുടെ നാലാം തോൽവിയുമാണിത്. ജയത്തോടെ മുംബൈ ഡൽഹിയെ അവസാന സ്ഥാനത്തേക്ക് പിന്തള്ളി എട്ടാം സ്ഥാനത്തേക്ക് കയറി. റോയൽ ചലഞ്ചേഴ്സ് ബംഗലൂരു ആണ് ഒമ്പതാമത്. ജയത്തോടെ ടി20 ചരിത്രത്തിൽ 150 വിജയങ്ങൾ നേടുന്ന ആദ്യ ടീമെന്ന നേട്ടവും മുംബൈക്ക് സ്വന്തമായി.

അടിതെറ്റിയ തുടക്കം

കൂറ്റൻ ലക്ഷ്യത്തിന് മുന്നിൽ ഡൽഹിക്ക് തുടക്കത്തിലെ അടി തെറ്റി. എട്ട് പന്തിൽ ഒരു സിക്സ് അടക്കം 10 റൺസെടുത്ത ഡേവിഡ് വാർണർ നാലാം ഓവറിൽ വീണു. എന്നാൽ പൃഥ്വി ഷായും അഭിഷേക് പോറലും മൂന്നാം വിക്കറ്റിൽ തകർത്തടിച്ചതോടെ ഡൽഹിക്ക് പ്രതീക്ഷയായി. രണ്ടാം വിക്കറ്റിൽ ഇരുവരും ചേർന്ന് 88 റൺസടിച്ചു. 31 പന്തിൽ 41 റൺസടിച്ച പോറലിനെയും 40 പന്തിൽ 60 റൺസടിച്ച പൃഥ്വി ഷായെയും മടക്കിയ ജസ്പ്രീത് ബുമ്ര മുംബൈയെ മത്സരത്തിൽ തിരിച്ചെത്തിച്ചു. റിഷഭ് പന്ത്(3 പന്തിൽ 1 റൺസ്) നിരാശപ്പെടുത്തിയപ്പോൾ സ്റ്റബ്സിൻറെ പോരാട്ടം(18 പന്തിൽ 48) ഡൽഹിയുടെ തോൽവിഭാരം കുറച്ചു. മുംബൈക്കായി ബുമ്ര നാലോവറിൽ 18 റൺസിന് രണ്ട് വിക്കറ്റെടുത്തപ്പോൾ കോയെറ്റ്സിയും റൊമാരിയോ ഷെപ്പേർഡും ഓരോ വിക്കറ്റും വീഴ്ത്തി.

നേരത്തെ ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത മുംബൈ രോഹിത് ശർമയുടെയും(27 പന്തിൽ 49) ഇഷാൻ കിഷൻറെയും(23 പന്തിൽ 42) ടിം ഡേവിഡിൻറെയും(21 പന്തിൽ 45*) റൊമാരിയോ ഷെപ്പേർഡിൻറെയും(10 പന്തിൽ 39*) ബാറ്റിംഗ് മികവിലാണ് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 234 റൺസെടുത്തത്. പവർ പ്ലേയിലെ ആറോവറിൽ 75 റൺസടിച്ച മുംബൈക്ക് മധ്യ ഓവറുകളിൽ സ്കോറിംഗ് വേഗം കൂട്ടാനായില്ലെങ്കിലും അവസാന നാലോവറിൽ 84 റൺസ് അടിച്ചെടുത്താണ് 234ൽ എത്തിയത്. ഇതിൽ 51 റൺസും ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യ(33 പന്തിൽ 39) പുറത്തായശേഷമുള്ള അവസാന രണ്ടോവറിലായിരുന്നു. ഡൽഹിക്കായി അക്സർ പട്ടേൽ രണ്ട് വിക്കറ്റെടുത്തു.

വായിക്കുക...
വരിക്കാരാവുക...

സത്യത്തിൻസാക്ഷി ധർമത്തിൽ പാതയിൽ
പീപ്പിൾസ് റിവ്യൂ
Estd : 2007
email: peoplesreviewdaily@gmail.com ദിനപത്രം

പ്രവാസത്തിന് പുതിയ അർത്ഥതലങ്ങൾ....
പ്രവാസി റിവ്യൂ
മാഗസിൻ
email: pravasireviewmagazine@gmail.com

സ്ത്രീ സമൂഹത്തിന്റെ മുന്നേറ്റിപ്പോരാളി
മഹിളാവീഥി
മാഗസിൻ

www.peoplesreview.co.in
Peoples Review

P.B. No. 15, Limra Tower, Panikkar Road, Kozhikod - 673001
Ph: 0495 2769086, 9037319971, 8547369086

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.